بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാള്യം 8

ലക്കം 47

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 നവംബർ 23/ ഹി.ശം 1402 നുബുവ്വത്ത് 23/ 1445 ജമാദുൽ അവ്വൽ 8

## അല്ലാഹുവിന്റെ വചനം

قَالَ هٰذَا رَحْمَةٌ مِّنْ رَّبِّيْ ۚ فَاِذَا جَآءَ وَعْدُ رَبِّيْ جَعَلَهٗ دَكَّآءَ ۚ وَكَانَ وَعْدُ رَبِّيْ حَقًّا ﴿۹۹﴾

അദ്ദേഹം പറഞ്ഞു:ഇത് എന്റെ നാഥനിൽനിന്നുള്ള ഒരു കാരുണ്യമാണ്. എന്നാൽ, എന്റെ നാഥന്റെ വാഗ്ദത്തം(നിറവേറ്റുന്ന)നാൾ വന്നു കഴിഞ്ഞാൽ അവൻ അതിനെ തകർത്തു നിരപ്പാക്കിക്കളയുന്നതാണ്. എന്റെ നാഥന്റെ വാഗ്ദാനം സത്യമാണ്. (വിശുദ്ധ ഖുർആൻ 18:99)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**വഴിയോടുള്ള കടമ**

(2465)അബൂസയീദ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:വഴിയരികിൽ ഇരിക്കുന്നത് നിങ്ങൾ സൂക്ഷിക്കുവിൻ. അപ്പോൾ സ്വഹാബിമാർ പറഞ്ഞു:ഞങ്ങൾക്ക് അതല്ലാതെ വേറെ സ്ഥലമില്ല. ഞങ്ങളിരുന്ന സംസാരിക്കുന്ന സ്ഥലങ്ങളാണവ. അതിനാൽ അത് ഞങ്ങൾക്ക് അനിവാര്യമാണ്. നബി(സ)തിരുമേനി പറഞ്ഞു:അവിടെയല്ലാതെ നിങ്ങൾക്കിരിക്കാൻ സാധ്യമല്ലെങ്കിൽ വഴിക്ക് അതിന്റെ അവകാശം നിങ്ങൾ വിട്ടുകൊടുത്തുകൊള്ളുക. വഴിയുടെ അവകാശമെന്താണെന്ന് അവർ ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞു:കണ്ണിനെ നിയന്ത്രിക്കുക. ഉപദ്രവത്തെ നീക്കുക. വല്ലവനും സലാം പറഞ്ഞാൽ മടക്കുക. നന്മ ഉപദേശിക്കുക.തിന്മ വിരോധിക്കുക.

**ദാഹിക്കുന്ന മൃഗത്തിന് വെള്ളം കൊടുക്കുന്നതിന്റെ ഫലം.**

(2466) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഒരിക്കൽ ഒരു മനുഷ്യൻ നടന്നുപോകുമ്പോൾ അയാൾക്ക് അതികഠിനമായ ദാഹമുണ്ടായി. അദ്ദേഹം വഴിവക്കിലുള്ള കിണറിലിറങ്ങി വെള്ളം കുടിച്ച ശേഷം കിണറിൽനിന്ന് കയറിയപ്പോളതാ, ഒരു നായ നാവുനീട്ടി ദാഹം സഹിക്കവയ്യാതെ മണ്ണുതിന്നുന്നു! ആ മനുഷ്യൻ ആത്മഗതം ചെയ്തു. താനനുഭവിച്ചുകൊണ്ടിരുന്ന വിഷമം ഇതാ ഈ നായയും അനുഭവിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം കിണറ്റിലിറങ്ങി. ഷൂസിൽ വെള്ളം നിറച്ച് വായകൊണ്ടു കടിച്ചുപിടിച്ച് കരയ്ക്കുകയറി ആ നായയെ കുടിപ്പിച്ചു. അക്കാരണത്താൽ അല്ലാഹു അയാളോടു നന്ദി കാണിക്കുകയും അയാളുടെ പാപങ്ങളിൽനിന്ന് പൊറുത്തുകൊടുക്കുകയും ചെയ്തു. സ്വഹാബത്ത് ചോദിച്ചു: യാ റസൂലല്ലാഹ്!നാൽക്കാലികൾക്ക് വല്ല ഉപകാരവും ചെയ്താൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമോ? നബി(സ)തിരുമേനി പറഞ്ഞു:ജീവനുള്ള ഏതു ജന്തുവിനു ഉപകാരം ചെയ്താലും പ്രതിഫലം ലഭിക്കുന്നതാണ്.(സ്വഹീഹ് ബുഖാരി, വാള്യം 1, പേജ് 497,പ്രസാധനം 2018 ഖാദിയാൻ)

**ദൈവസൃഷ്ടികളോടുള്ള സഹതാപം എങ്ങനെയുള്ളതാണെന്നാൽ, അത് ഈമാനിന്റെ രണ്ടാമത്തെ ഭാഗമാണ്. ഇതുകൂടാതെ ഈമാൻ സമ്പൂർണവും ഉറച്ചതുമാകുകയില്ല. ധനത്തിന് ഒരു പ്രത്യേകതയുമില്ല. എന്തൊന്നാണോ അല്ലാഹു ആർക്കെങ്കിലും നല്കിയിട്ടുള്ളത് അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക. അതുകൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യൻ തന്റെ മനുഷ്യകുലത്തോടു സഹതാപിയും സഹായിയുമാകുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതിന്റെ പ്രാധാന്യം

ഞാൻ വീണ്ടും യഥാർഥ കാര്യത്തിലേക്ക് മടങ്ങിക്കൊണ്ടു പറയുകയാണ്, സമ്പന്നർക്കും ധനികർക്കും ദീനിസേവനം നല്ലവണ്ണം ചെയ്യാൻ കഴിയുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു മിമ്മാ റസഖ്നാഹും യുൻഫിഖൂൻ എന്നു പറഞ്ഞത്. അതിനെ മുത്തഖികളുടെ സവിശേഷഗുണങ്ങളുടെ ഒരു ഭാഗമായി നിശ്ചയിച്ചു. ഇവിടെ ധനത്തിന് എന്തെങ്കിലും പ്രത്യേകതയൊന്നുമില്ല. എന്തൊന്നാണോ അല്ലാഹു ആർക്കെങ്കിലും നല്കിയിട്ടുള്ളത് അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക. അതുകൊണ്ടുള്ളഉദ്ദേശ്യം മനുഷ്യൻ തന്റെ മനുഷ്യകുലത്തോടു സഹതാപിയും സഹായിയുമാകുക എന്നതാണ്. അല്ലാഹുവിന്റെ ശരീഅത്തിന്റെ ആശ്രയം രണ്ടു കാര്യങ്ങളിലാണ്. അല്ലാഹുവിന്റെ കല്പനകളെ ബഹുമാനിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പ കാണിക്കുകയും ചെയ്യുക. അതുകൊണ്ട് മിമ്മാ റസഖ്നാഹും യുൻഫിഖൂൻ എന്നതിൽ അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പ കാണിക്കാനുള്ള പാഠമാണുള്ളത്. ദീനീപരമായ സേവനത്തിന് മുതലാളിമാർക്ക് വലിയ വലിയ അവസരങ്ങൾ കിട്ടാറുണ്ട്.

ഒരിക്കൽ നമ്മുടെ നബി(സ)തിരുമേനി പണത്തിന്റെ ആവശ്യമുണ്ടെന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)വീട്ടിലുണ്ടായിരുന്ന സകലവസ്തുക്കളും എടുത്തുകൊണ്ടുവന്നു. അവിടന്ന് ചോദിച്ചു, അബൂബക്റേ! വീട്ടിൽ എന്ത് ഉപേക്ഷിച്ചിട്ടാണ് വന്നത്? അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നാമം ഉപേക്ഷിച്ചു വന്നുവെന്നാണ് അതിനു മറുപടി പറഞ്ഞത്. ഹദ്റത്ത് ഉമർ(റ) പകുതി വസ്തുക്കളും കൊണ്ടാണ് വന്നത്. അവിടന്ന് ചോദിച്ചു:ഉമറേ! വീട്ടിൽ എന്തുപേക്ഷിച്ചിട്ടാണ് വന്നത്? പകുതി എന്ന് അവിടന്ന് പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു:അബൂബക്റിന്റേയും ഉമറിന്റേയും കർമങ്ങളിലുള്ള വ്യത്യാസംതന്നെയാണ് അവരുടെ പദവികളിലുമുള്ളത്.

ലോകത്ത് മനുഷ്യൻ ധനത്തെ വളരെയധികം സ്നേഹിക്കുന്നു. ഇക്കാരണത്താലാണ് സ്വപ്ന വ്യാഖ്യാന ശാസ്ത്രത്തിലെഴുതിയിട്ടുള്ളത്, തന്റെ കരളെടുത്ത് ആർക്കെങ്കിലും കൊടുത്തിരിക്കുന്നതായി ആരെങ്കിലും സ്വപ്നം കണ്ടാൽ അതുകൊണ്ടുള്ള ഉദ്ദേശ്യം ധനമാണെന്ന്. ഇതുകൊണ്ടാണ് യഥാർഥമായ തഖ്‌വായും ഈമാനും കരസ്ഥമാക്കുന്നതിന് പറഞ്ഞത്;ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ(3:93)നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല!എന്തുകൊണ്ടെന്നാൽ, ദൈവസൃഷ്ടികളോടുള്ള സഹതാപത്തിന്റേയും പെരുമാറ്റത്തിന്റേയും ഒരു വലിയ ഭാഗം ധനം ചെലവഴിക്കുന്നതിന്റെ ആവശ്യകത വിളിച്ചോതുന്നു. സഹജീവികളോടും ദൈവസൃഷ്ടികളോടുമുള്ള സഹതാപം എങ്ങനെയുള്ളതാണെന്നാൽ, അത് ഈമാനിന്റെ രണ്ടാമത്തെ ഭാഗമാണ്. ഇതുകൂടാതെ ഈമാൻ സമ്പൂർണവും ഉറച്ചതുമാകുകയില്ല. മനുഷ്യൻ ത്യാഗം ചെയ്യാത്തിടത്തോളം, മറ്റുള്ളവർക്കെങ്ങനെയാണ് ഗുണമെത്തിക്കുക. മറ്റുള്ളവർക്ക് ഗുണമെത്തിക്കുന്നതിനും സഹതാപത്തിനും ത്യാഗം അനിവാര്യമാണ്. ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ(3:93)നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല, എന്നതിൽ ഈ പാഠവും മാർഗദർശനവുമാണ് നൽകിയിട്ടുള്ളത്.

അതിനാൽ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക എന്നതും മനുഷ്യന്റെ ഭാഗ്യവും തഖ്‌വായുടെ നിലവാരവും ഉരകല്ലുമാണ്. അബൂബക്ർ(റ)ന്റെ ജീവിതത്തിലെ അല്ലാഹുവിനുവേണ്ടിയുള്ള ആത്മാർപണത്തിന്റെ നിലവാരവും ഉരകല്ലും, നബി(സ)തിരുമേനി ഒരു ആവശ്യം പറഞ്ഞപ്പോൾ അദ്ദേഹം വീട്ടിലുള്ളതെല്ലാം എടുത്തുകൊണ്ട് നബിസന്നിധിയിൽ ഹാജരായി എന്നതാണ്. (മൽഫൂദാത്ത് വാള്യം 1, പേജ് 497, പ്രസാധനം 2018 ഖാദിയാൻ)

**. മുഹമ്മദി ശ്രേഷ്ഠതയുടെ ഉന്നതിയോളം മൂസവീ ശ്രേഷ്ഠത എത്തുകയില്ല.ഹദ്റത്ത് മൂസാ പെട്ടെന്ന് ചോദ്യം ചോദിക്കാൻ തുടങ്ങുന്നു. നബി(സ)തിരുമേനി മൗനം പാലിക്കുന്നു. എത്രത്തോളമെന്നാൽ അവസാനം അല്ലാഹുതന്നെ എല്ലാ കാര്യങ്ങളും പ്രകടിപ്പിക്കുന്നു. ഈ വ്യത്യാസം രണ്ടുകൂട്ടരുടേയും സമുദായത്തിലുണ്ടായിരുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 68-ാമത്തെ വചനമായ ഖാല ഇന്നക്ക ലൻ തസ്തത്വീഅ മഇയ സ്വബ്റാ (അദ്ദേഹം മറുപടി പറഞ്ഞു:എന്നോടൊപ്പം ക്ഷമയോടെ പിന്തുടരാൻ നിനക്കൊരിക്കലും സാധ്യമല്ല)എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: ഈ ആയത്തിൽ ലൻതറാനീ(നീ ഒരിക്കലും എന്നെ കാണുകയില്ല)എന്ന വിഷയമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. മുഹമ്മദി ശ്രേഷ്ഠതയുടെ ഉന്ന

(ശേഷം പേജ് 7ൽ)

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 2023 ഒക്ടോബർ20 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഹോളണ്ട് പര്യടനം

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ☐ നബി(സ)തിരുമേനിക്ക് ദൈവിക വെളിപാടു മുഖേന, ഹദ്റത്ത് ഫാത്വിമായുടെ വിവാഹം അലിയുമായി നടത്തേണ്ടതാണെന്ന് സൂചന നല്കപ്പെട്ടിരുന്നു.
- ☐ ഏതെങ്കിലും സ്ത്രീ തന്റെ ഭർത്താവിന്റെ അവിശ്വാസം കാരണത്താൽ മാറി നില്ക്കുകയാണെങ്കിൽ പിന്നീട് ഭർത്താവ് വിശ്വാസിയായാൽ വീണ്ടും നിക്കാഹ് നടത്തേണ്ട ആവശ്യമില്ല.
- ☐ *അല്ലാഹുമ്മ ഇന്നീ ഉയീദുഹാബിക്ക വ ദുർരിയ്യത്തഹാ മിനശ്ശയ്ത്വാനിർറജീം* അല്ലാഹുവേ!ഇവളേയും ഇവളുടെ മക്കളേയും ശപിക്കപ്പെട്ട ശയ്ത്വാനിൽനിന്ന് നിന്റെ അഭയത്തിൽ തരികയാണ്. *അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ നസ്ലഹുമാ*'എന്റെ അല്ലാഹുവേ!നീ ഇവരുടെ പരസ്പരമുള്ള ബന്ധങ്ങളിൽ ബർക്കത്ത് നല്കിയാലും. അവർക്ക് മറ്റുള്ളവരോടു നിലനില്ക്കുന്ന ബന്ധങ്ങളിലും ബർക്കത്ത് നല്കിയാലും. അവരുടെ സന്താനപരമ്പരയിലും ബർക്കത്ത് നല്കിയാലും.'വിവാഹം കഴിക്കുന്നവരുടെ മാതാപിതാക്കളും ഈ ദുആ ചെയ്യേണ്ടതാണ്.
- ☐ ഇക്കാലത്ത് വിവാഹത്തിനുശേഷം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ പ്രശ്നങ്ങൾ തലപൊക്കാൻ തുടങ്ങുന്നു. അതു വർധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണം ഭൗതികതയോടുള്ള ആർത്തി വർധിച്ചതാണ്. ദീനിലേക്കും ദൈവകൽപനകളിലേക്കും ശ്രദ്ധ വളരെ കുറവാണ്. ദീനിനെ മുന്തിക്കുകയാണെങ്കിൽ, ഈ രീതിയിൽ ദുആ ചെയ്യുകയാണെങ്കിൽ പിന്നീട് മാതാപിതാക്കൾ തങ്ങളുടെ ഭാഗം അതേപോലെ നിറവേറ്റുകയാണെങ്കിൽ ബന്ധങ്ങൾ നിലനില്ക്കുന്നതാണ്.
- ☐ നബി(സ)തിരുമേനി സമ്പത്ത് വിതരണം ചെയ്യുന്നതിൽ വളരെ ജാഗ്രത കാണിച്ചിരുന്നുവെന്നത് വ്യക്തമാണ്. ഹദ്റത്ത് ഫാത്വിമയ്ക്ക് വേലക്കാരനെ ആവശ്യമുണ്ടായിരുന്നു. ആട്ടുകല്ലിൽ അരയാത്തതുകൊണ്ട് കൈയിൽ പ്രയാസവും അനുഭവപ്പെട്ടിരുന്നു. എന്നിട്ടും നബി(സ)തിരുമേനി അവർക്ക് സേവകനെ നലകിയില്ല. പ്രത്യുത ദുആ ചെയ്യാൻ പറഞ്ഞുകൊണ്ട് അല്ലാഹുവിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുകയാണ് ചെയ്തത്.
- ☐ മുസ്ലിംരാജ്യങ്ങൾ ലോകത്ത് സമാധാനം സ്ഥാപിക്കാൻ തങ്ങളുടെ വലിയ പങ്ക് നിർവഹിക്കേണ്ടതാണ്.
- ☐ നമ്മൾ ദുആയിൽ ശക്തിചെലുത്തുക. അല്ലാഹു ഈ യുദ്ധം അവസാനിപ്പിക്കുമാറാകട്ടെ. നിരപരാധികളും മർദ്ദിതരുമായ ഫലസ്തീനികളെ സംരക്ഷിക്കുമാറാകട്ടെ. അവർക്കെതിരിൽ അക്രമം വർധിപ്പിക്കാതിരിക്കുമാറാകട്ടെ.
- ☐ സരിയ്യത്ത് സയ്ദ് ബിൻ ഹാരിഥ, സുവയ്ഖ് യുദ്ധം, മുസ്ലിമീങ്ങളുടെ ആദ്യത്തെ ഈദുൽഅള്ഹിയ തുടങ്ങി ചരിത്രപരമായ സംഭവങ്ങളുടെ ഹൃദയസ്പർശിയായി വിവരണം.
- ☐ ഹമാസ് ഇസ്റാഈൽ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ദുആയ്ക്കുള്ള ആഹ്വാനവും മുസ്ലിം രാജ്യങ്ങൾക്ക് ഉപദേശവും
- ☐ മുസ്ലിം രാഷ്ട്രങ്ങൾ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ഒറ്റശബ്ദമായിക്കൊണ്ട് പ്രവർത്തിക്കാനും പങ്കുവഹിക്കാനും ഉപദേശം.

**ഖുത്ബ ജുമുഅ 2023 ഒക്ടോബർ 20/1402 അഖാ 20**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നും ബദ്ർയുദ്ധത്തിനു തൊട്ടുശേഷമുള്ള ചില സംഭവങ്ങൾ നബി(സ)തിരുമേനിയുടെ ചരിത്രത്തിന്റെ വെളിച്ചത്തിൽ വിവരിക്കുന്നതാണ്. ചരിത്രത്തിൽ നബി(സ)തിരുമേനിയുടെ ജാമാതാവ് അബുൽ ആസ് മുസ്ലിമായതിനെ സംബന്ധിച്ച് ഇപ്രകാരം വരുന്നു: നബി(സ)തിരുമേനി ഹിജ്റ 6-ാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ സയ്ദ് ബിൻ ഹാരിഥയുടെ നേതൃത്വത്തിൽ ഒരു യുദ്ധ സംഘത്തെ അയ്സ് എന്ന സ്ഥലത്ത് പറഞ്ഞയച്ചു. അയ്സ് മദീനയിൽനിന്ന് നാലുദിവസത്തെ യാത്രാദൈർഘ്യമുള്ള സ്ഥലമാണ്. ദിവസങ്ങളുടെ ദൈർഘ്യമുള്ള പരാമർശത്തിൽ ചരിത്രകാരന്മാർ പറയുന്നു: ഒരു ദിവസത്തെ യാത്രാ ദൈർഘ്യം 12 മൈൽ ദൂരമാകുന്നു. ഈ നിലയ്ക്ക് ഈ സ്ഥലം 48 മൈൽ ദൂരത്താണ് സ്ഥിതിചെയ്യുന്നത്. ഈ യുദ്ധ സംഘത്തെപറ്റിയുള്ള വിവരണം ഇപ്രകാരമാകുന്നു. നബി(സ)തിരുമേനി ഹിജ്റ 6-ാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ 70 സ്വഹാബാക്കളുമായി മദീനയിൽനിന്ന് പറഞ്ഞയച്ചു. ഈ യുദ്ധനീക്കത്തിനുള്ള കാരണമെന്തെന്നാൽ നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ ഒരു സംഘം ശാമിൽനിന്ന് മക്കയിൽ വരുന്നതായി വിവരം ലഭിച്ചപ്പോഴാണ് അവിടന്ന് തന്റെ സംഘത്തെ പറഞ്ഞയച്ചത്. അവരുടെ കച്ചവടസംഘത്തിന്റെ ഉദ്ദേശ്യം മുസ്ലിമീങ്ങൾക്കുമേൽ വീണ്ടും അക്രമം നടത്തണമെന്നതും യുദ്ധം ചെയ്യണമെന്നതുമായിരുന്നു. ഏതായാലും മുസ്ലിമീങ്ങൾ അവരെ തടയുകയും അവരുടെ സാധനസാമഗ്രികളെടുക്കുകയും ചെയ്തു. ചിലരെ ബന്ദികളുമാക്കി. ഈ ബന്ദികളിൽ അബുൽആസ്വുമുണ്ടായിരുന്നു.(ശറഹ് അസ്സർഖാനീ അലൽ മവാഹിബല്ലദുന്നീ, വാള്യം 3, പേജ് 124-125, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)(ഉർദു ലുഗത്ത്, വാള്യം 17. പേജ് 772, മർഹല എന്ന പദം)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:അയ്സ് എന്ന സ്ഥലത്തേക്ക് അയച്ച സംഘത്തിൽ പിടിക്കപ്പെട്ട ബന്ദികളിൽ അബുൽ ആസ്ബിൻ റബീഉമുണ്ടായിരുന്നു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ ജാമാതാവായിരുന്നു. മാത്രമല്ല ഹദ്റത്ത് ഖദീജ(റ)യുടെ അടുത്ത ബന്ധുവുമായിരുന്നു. ഇതിനുമുമ്പേ ബദ്ർ യുദ്ധത്തിലും അദ്ദേഹം ബന്ദിയാക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അന്ന് നബി(സ)തിരുമേനി അദ്ദേഹത്തെ മക്കയിലെത്തിയാൽ തന്റെ മകൾ ഹദറത്ത് സയ്നബിനെ മദീനയിലേക്ക് അയക്കണമെന്ന നിബന്ധനയിൽ വിട്ടയച്ചിരുന്നു. അബുൽആസ് ഈ വാഗ്ദാനം നിറവേറ്റിയെങ്കിലും സ്വയം ശിർക്കിൽത്തന്നെ തുടർന്നു പോരുകയായിരുന്നു. സയ്ദ് ബിൻ ഹാരിഥ അദ്ദേഹത്തെ ബന്ദിയാക്കി മദീനയിലെത്തിച്ചപ്പോൾ രാത്രിയായിട്ടുണ്ടായിരുന്നു. അദ്ദേഹം ഏതോ വിധത്തിൽ ഹദ്റത്ത് സയ്നബിന് താനിങ്ങനെ ബന്ദിയായി ഇവിടെ എത്തിയിട്ടുണ്ടെന്നും നിനക്കെന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യണമെന്നുമുള്ള സന്ദേശമെത്തിക്കുകയുണ്ടായി. രാവിലെ നേരത്ത് നബി(സ)തിരുമേനിയും തിരുസഖാക്കളും സ്വുബ്ഹി നമസ്കാരത്തിലായിരുന്നപ്പോൾ ഹദ്റത്ത് സയ്നബ് വീട്ടിൽനിന്ന് പുറത്തിറങ്ങി ഇങ്ങനെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:മുസ്ലിമീങ്ങളേ!ഞാൻ അബുൽ ആസ്വിന് അഭയം നല്കിയിരിക്കുന്നു.

നമസ്കാരത്തിനുശേഷം നബി(സ)തിരുമേനി സ്വഹാബത്തിനെ അഭിസംബോധന ചെയ്ത് പറഞ്ഞു:സയ്നബ് വിളിച്ചു പറഞ്ഞത് നിങ്ങളെല്ലാവരും കേട്ടിരിക്കുമല്ലോ? വല്ലാഹ്! എനിക്ക് ഇതിനെക്കുറിച്ച് അറിവില്ലായിരുന്നു. ഇക്കാര്യം എന്റെ അറിവിലില്ലായിരുന്നു. പക്ഷേ, മുഅ്മിനീങ്ങളുടെ ജമാഅത്ത് ഒരു ശരീരംപോലെയാകുന്നു. അതിലാരെങ്കിലും ഏതെങ്കിലും അവിശ്വാസിക്ക് അഭയം നൽകിയിട്ടുണ്ടെങ്കിൽ അതിനെ ആദരിക്കേണ്ടത് നിർബന്ധമാകുന്നു. തുടർന്ന് സയ്നബിന്റെ നേരെ തിരിഞ്ഞുകൊണ്ടു പറഞ്ഞു:നീ അഭയം നല്കിയ ആൾക്ക് ഞങ്ങളും അഭയം നല്കുന്നു. ഈ യുദ്ധ നടപടിയിൽ അബുൽആസ്വിൽനിന്നുകിട്ടിയ സമ്പത്ത് അദ്ദേഹത്തിനുതന്നെ തിരിച്ചുകൊടുക്കുകയും ചെയ്തു. പി ന്നീട് വീട്ടിൽ തിരിച്ചെത്തി സയ്നബിനോടു പറഞ്ഞു:അബുൽആസ്വിനെ നല്ലവണ്ണം സൽക്കരിക്കുക. പക്ഷേ, അദ്ദേഹത്തോടൊപ്പം ഒറ്റയ്ക്ക് ഒന്നിച്ച് കഴിയരുത്. കാരണം ഇന്നത്തെ അവസ്ഥയിൽ നീ അദ്ദേഹവുമായി ഒന്നിച്ചുകഴിയുന്നത് അനുവദനീയമല്ല. ഏതാനും ദിവസങ്ങൾ മദീനയിൽ തങ്ങിയശേഷം അബുൽ ആസ് മക്കയിലേക്ക് തിരിച്ചുപോയി. ഇപ്പോൾ അദ്ദേഹം മക്കയിൽ പോയത് അവിടെ തങ്ങാനായിരുന്നില്ല. അങ്ങനെ അദ്ദേഹം അവിടെയെത്തി. എത്രയുംവേഗം തന്റെ ഇടപാടുകളെല്ലാം തീർത്തശേഷം ശഹാദത്തു കലിമ ചൊല്ലി മദീനയിലേക്ക്

തിരിച്ചു. നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി മുസ്‌ലിമായി. അതേ തുടർന്ന് നബി(സ)തിരുമേനി സയ്നബിനെ നിക്കാഹ് പുതുക്കാതെതന്നെ അദ്ദേഹത്തിന്റെ അടുത്ത് പറഞ്ഞയച്ചു. ചില നിവേദനങ്ങളിൽ നബി(സ)തിരുമേനി ആ സമയത്ത് ഹദ്റത്ത് സയ്നബുമായി അബുൽ ആസിന്റെ നിക്കാഹ് നടത്തിയെന്നും പറയുന്നുണ്ട്. എന്നാൽ, നിക്കാഹ് ആവശ്യമില്ലായിരുന്നുവെന്ന ആദ്യനിവേദനങ്ങൾത്തന്നെ കൂടുതൽ പ്രബലവും ശരിയുമാണ്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 670-671)

ഇതിൽനിന്നുകിട്ടുന്ന മറ്റൊരു വിധികൂടിയുണ്ട്. ഏതെങ്കിലും സ്ത്രീ തന്റെ ഭർത്താവിന്റെ സത്യനിഷേധം കാരണം അകന്നിട്ടുണ്ടെങ്കിൽ ഭർത്താവ് വിശ്വാസിയായാൽ വീണ്ടും നിക്കാഹ് നടത്തേണ്ട ആവശ്യമില്ല. ഹദ്റത്ത് സയ്നബ് തന്റെ ഭർത്താവ് മുസ്‌ലിമായതിനുശേഷം കൂടുതൽ കാലം ജീവിച്ചിരുന്നില്ല. ഹിജ്റ 8-ാം വർഷം അവർ വഫാത്തായി. നബി(സ)തിരുമേനിയുടെ നിർദേശ പ്രകാരം ഹദ്റത്ത് ഉമ്മു അയ്മൻ, ഹദ്റത്ത് സൗദ, ഹദ്റത്ത് ഉമ്മുസൽമ, ഹദ്റത്ത് ഉമ്മുഅത്വിയ്യ എന്നിവരാണ് ഹദ്റത്ത് സയ്നബിനെ കുളിപ്പിച്ചത്.(സയ്റുസ്സ്വഹാബ, വാള്യം 6, പേജ് 90, ദാറുൽഇശാഅത്ത് കറാച്ചി 2004)

ഹദ്റത്ത് ഉമ്മുഅത്വിയ്യ(റ)നിവേദനം. നബി(സ)തിരുമേനി തന്റെ മകളുടെ മൃതദേഹം കുളിപ്പിക്കാൻ കൽപിച്ചപ്പോൾ അവരോടു പറഞ്ഞു, അവളുടെ വതുഭാഗത്തുനിന്ന് വുളുചെയ്യുന്ന അവയവങ്ങൾ കഴുകിക്കൊണ്ടു കുളിപ്പിക്കാൻ തുടങ്ങുക. മറ്റൊരു നിവേദനത്തിൽ അതിന്റെ വിശദീകരണം ഇങ്ങനെ കാണുന്നുണ്ട്. ഹദ്റത്ത് ഉമ്മുഅത്വിയ്യ(റ)നിവേദനം. നബി(സ)തിരുമേനിയുടെ മകൾ സയ്നബ് വഫാത്തായപ്പോൾ അവിടന്ന് ഞങ്ങളോടു പറഞ്ഞു, അവളെ ഒറ്റവരത്തക്കവണ്ണം അതായത് മൂന്നോ അഞ്ചോതവണ കുളിപ്പിക്കുക. അഞ്ചാമത്തെ പ്രാവശ്യം കർപ്പൂരമിടുക. അങ്ങനെ കുളിപ്പിച്ചു കഴിഞ്ഞാൽ എന്നെ അറിയിക്കുക. അവർ പറയുന്നു, ഞങ്ങൾ നബി(സ)തിരുമേനിയെ വിവരം അറിയിച്ചു. നബി(സ) തിരുമേനി തന്റെ ഒരു മുണ്ടുകൊടുത്തുകൊണ്ട് അവളുടെ ശരീരം അതുകൊണ്ട് പുതുക്കാൻ പറഞ്ഞു.(സ്വഹീഹ് മുസ്‌ലിം, കിതാബുൽജനാഇസ്, ബാബു ഫീ ഗുസ്‌ലിൽമയ്യിത്തി, ഹദീഥ് 2173, 2176). അരയ്ക്കുവച്ചുടുക്കുന്ന മുണ്ട് നല്കി. ശരീരത്തോടു ചേർന്നുനില്ക്കുന്ന വസ്ത്രത്തിനാണ് *ശിആർ* എന്നു പറയുന്നത്.(ലുഗാത്തുൽഹദീഥ്, വാള്യം 2, പേജ് 486, നുഅ്മാനി കുതുബ്ഖാന, ലാഹോർ 2005)

അതു കഴിഞ്ഞ് നബി(സ)തിരുമേനി ജനാസ നമസ്കരിക്കുകയും ഖബ്റിലിറങ്ങി തന്റെ പ്രിയപ്പെട്ട മകളെ ഖബ്റടക്കുകയും ചെയ്തു. ഹദ്റത്ത് സയ്നബിന് രണ്ടു മക്കളുണ്ടായിരുന്നു;അലിയും അമാമയും. ഒരു നിവേദനമനുസരിച്ച് അലി ചെറുപ്രായത്തിൽത്തന്നെ വഫാത്തായി. എന്നാൽ, മറ്റൊരു നിവേദനത്തിൽ പക്വപ്രായമെത്തിയിരുന്നുവന്നും പറയുന്നുണ്ട്.ഇബ്നു അസാക്കിർ എഴുതിയിരിക്കുന്നു, യർമൂക് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. മക്കവിജയത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനിയുടെ പിന്നിൽ യാത്രചെയ്തിരുന്നു.(സയ്റുസ്സ്വഹാബ, വാള്യം 6, പേജ് 90, ദാറുൽഇശാഅത്ത് കറാച്ചി 2004)

ഹദ്റത്ത് അമാമയെ സംബന്ധിച്ച്, ഹദ്റത്ത് ഫാത്വിമയുടെ വഫാത്തിവനുശേഷം ഹദ്റത്ത് അലി (റ)അവരെ വിവാഹം ചെയ്തുവെന്നും വരുന്നുണ്ട്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 8, പേജ് 25, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് അബുൽആസിന്റെ കച്ചവടങ്ങൾ മക്കയിലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് മദീനയിൽ സ്ഥിരതാമസമാക്കാൻ കഴിയില്ലായിരുന്നു. അതുകൊണ്ട് മുസ്‌ലിമായതിനുശേഷം നബി(സ) തിരുമേനിയിൽനിന്ന് അനുവാദം വാങ്ങി അദ്ദേഹം മക്കയിൽ തിരിച്ചുപോയി. മക്കയിൽ താമസമായതുകൊണ്ട് അദ്ദേഹത്തിന് യുദ്ധങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഹദ്റത്ത് അലിയുടെ നേതൃത്വത്തിൽ അയച്ച ഒരു യുദ്ധ സംഘത്തിൽ മാത്രമാണ് അദ്ദേഹം പങ്കെടുത്തിട്ടുള്ളത്. ഹദ്റത്ത് അലി(റ)യമനിൽനിന്ന് തിരിച്ചുവരുമ്പോൾ അദ്ദേഹത്തെ യമനിലെ കൈകാര്യകർത്താവാക്കിയിരുന്നു. ഹദ്റത്ത് സയ്നബിന്റെ(റ)വഫാത്തിനുശേഷം ഹദ്റത്ത് അബുൽആസും ദീർഘകാലം ജീവിച്ചിരുന്നില്ല. ഹിജ്റ 12-ാം വർഷം അദ്ദേഹം വഫാത്തായി.(സയ്റുസ്സ്വഹാബ, വാള്യം 7, പേജ് 491, ദാറുൽഇശാഅത്ത് കറാച്ചി)(ഉസുദുൽഗാബ, വാള്യം 6, പേജ് 182-183, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. അബുൽആസിനെ പറ്റി നബി(സ) തിരുമേനി സന്തോഷം പ്രകടിപ്പിച്ചതായി എഴുതുന്നു:നബി(സ)തിരുമേനിയുടെ ജാമാതാവ് അബുൽ ആസ് ബിൻ അർറബീഅ് ഹദ്റത്ത് ഖദീജയുടെ അടുത്ത ബന്ധു അതായത് സ്വന്തം സഹോദരീ പുത്രനായിരുന്നു. മുശ്രിക് ആയിരുന്നെങ്കിലും തന്റെ ഭാര്യയോടു നല്ലരീതിയിലാണ് അദ്ദേഹം പെരുമാറിയിരുന്നത്. മുസ്‌ലിമായതിനുശേഷവും ഇരുവരുടേയും ബന്ധം നല്ലനിലയിൽത്തന്നെ തുടർന്നുവന്നു. നബി(സ)തിരുമേനി ഈ നിലയ്ക്ക് അബുൽആസിനെ നല്ലവണ്ണം പ്രകീർത്തിച്ചുകൊണ്ട് 'അദ്ദേഹം എന്റെ മകളോടു വളരെ നല്ല നിലയിൽ പെരുമാറി' എന്നു പറയാറുണ്ടായിരുന്നു. ഹദ്റത്ത് അബുൽആസ്, ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തുകാലത്ത് ഹിജ്റ 12-ാം വർഷമാണ് വഫാത്തായത്. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ നബി(സ)തിരുമേനിയുടെ ജീവിതകാലത്തുതന്നെ വഫാത്തായി.

ഈ നിവേദനത്തിൽനിന്ന് തോന്നുന്നത് ഹദ്റത്ത് അലിയെപറ്റി ആദ്യംവന്ന നിവേദനം അതായത് അദ്ദേഹം ഉദ്യോഗസ്ഥനാക്കിയെന്നത് അൽപം സംശയാസ്പദമാണ്. അദ്ദേഹത്തിന്റെ മകൾ അമാമ നബി(സ)തിരുമേനിക്ക് വളരെ പ്രിയപ്പെട്ടവളായിരുന്നു. ഹദ്റത്ത് ഫാത്വിമായുടെ വഫാത്തിനുശേഷംഹദ്റത്ത് അലി വിവാഹം കഴിച്ചു. അതിൽ മക്കളൊന്നുമില്ല.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 674)

സവീഖ് യുദ്ധം ഹിജ്റ രണ്ടാം വർഷം ദുൽഹജ്ജ് മാസത്തിലാണുണ്ടായത്. ഈ യുദ്ധത്തിനു കാരണം ഇതായിരുന്നു: മുശ്രീക്കീങ്ങൾ പരാജിതരായി മക്കയിലേക്ക് തിരിക്കുമ്പോൾ അബൂസുഫ്യാൻ, താൻ എണ്ണ തേക്കുകയില്ലെന്ന് അതായത് നബി(സ)തിരുമേനിയോടും സ്വഹാബത്തിനോടും ബദ്റിന് പകരം വീട്ടാതെ കുളിക്കുകയില്ലെന്ന് ശപഥം ചെയ്തിരുന്നു. അബൂ സുഫ്യാൻ ഒരു നിവേദനമനുസരിച്ച് 50 സവാരിയുമായി മറ്റൊരു നിവേദനപ്രകാരം 200 സവാരിയുമായി തന്റെ ശപഥം നിറവേറ്റാൻ പുറപ്പെട്ടു. മദീനയിലേക്കുള്ള സാധാരണ വഴിയിൽനിന്നു മാറി നജ്ദ് വഴിയിലൂടെയാണ് പുറപ്പെട്ടത്. അഹൂസുഫ്യാൻ ഖനാത്ത് താഴ്‌വരയുടെ അടുത്തെത്തിയപ്പോൾ യതീബ് മലയുടെ അടുത്ത് താവളമടിച്ചു. ഇത് മദീനയിൽനിന്ന് ഏകദേശം 12 മൈയിൽ ദൂരെയാണ്. ഖനാത്ത് മദീനയ്ക്കും ഉഹദിനുമിടയിൽ മദീനയിലറിയപ്പെടുന്ന മൂന്നു താഴ്‌വരകളിലൊന്നാണ്. അദ്ദേഹം രാത്രി പുറപ്പെടുകയും ഇരുട്ടിൽത്തന്നെ ബനൂനളീർ ഗോത്രത്തിൽ പോകുകയും ചെയ്തു. ഹുയയ്യ് ബിൻ അഖ്ത്തബിന്റെ അടുത്തെത്തി അയാളുടെ വാതിലിൽ മുട്ടി വിളിച്ചു. അയാൾ വാതിൽ തുറക്കാൻ വിസമ്മതിച്ചു. പിന്നീട് അബൂ സുഫ്യാൻ അവിടെനിന്ന് ബനൂനളീറിന്റെ നേതാവും അവരുടെ ഖജാൻജിയുമായ സല്ലാം ബിൻ മിശ്ക്കമിന്റെ അടുക്കലെത്തി. അബൂസുഫ്യാൻ സമ്മതം ചോദിക്കുകയും അയാൾ സമ്മതം നല്കുകയും ചെയ്തു. അദ്ദേഹത്തെ നല്ലപോലെ സൽക്കരിക്കുകയും ഊട്ടുകയും ചെയ്തു. അയാൾ ആളുകളുടെ രഹസ്യങ്ങളും നബി(സ)തിരുമേനിയുടെ സ്ഥിതിഗതികളും അതായത് നബി(സ)തിരുമേനിയുടെ പതിവുരീതിയെന്താണെന്നും എപ്പോൾ എവിടെ ഉണ്ടാകുമെന്നുമെല്ലാം പറഞ്ഞു കൊടുത്തു. തുടർന്നു അബൂസുഫ്യാൻ രാത്രിയുടെ അന്ത്യയാമത്തിൽ അവിടെനിന്ന് പുറപ്പെട്ട് തന്റെ സുഹൃത്തുക്കളുടെ അടുത്തെത്തി. അവിടെനിന്ന് ഖുറയ്ശികളിലെ ചിലയാളുകളെ മദീനയുടെ പ്രാന്തപ്രദേശമായ ഉറയ്ള് എന്ന സ്ഥലത്തുപോയി. ഉറയ്ളും മദീനയിൽനിന്ന് മൂന്നുമൈൽ അകലെയുള്ള ഒരു ഈത്തപ്പന പ്രദേശമാകുന്നു. അബൂസുഫ്യാൻ അവിടെയെത്തി നിരവധി ഈത്തപ്പന മരങ്ങൾ കത്തിക്കുകയും ഒരു അൻസ്വാരിയേയും അയാളുടെ കൂട്ടുകാരനേയും വധിക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ ഈ അൻസ്വാരിയുടെ പേര് ഹദ്റത്ത് മഅ്ബദ് ബിൻ അംറ് എന്നാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. പിന്നീട് തന്റെശപഥം പൂർത്തിയായിരിക്കുന്നുവെന്ന് അബൂസുഫ്യാൻ മനസ്സിലാക്കുകയും അയാളുണ്ടാക്കിയ നഷ്ടം കുറച്ചുനികത്തിയെന്ന് തോന്നുകയും പ്രതികാരാഗ്നി തണുക്കുകയും ചെയ്തപ്പോൾ അയാൾ തന്റെ സൈന്യവുമായി മക്കയിലേക്ക് പോയി. അബൂസുഫ്യാൻ, സല്ലാം ബിൻ മിശ്ക്കമിനെ കണ്ട് തിരിച്ചുവരുന്ന രാത്രിയാണ് ഇതെല്ലാം ചെയ്തതെന്ന് പറയപ്പെടുന്നു.

ഏതായാലും ആളുകൾ ഇതേപറ്റി അറിഞ്ഞപ്പോൾ നബി(സ)തിരുമേനി മദീനയിൽ ഹദ്റത്ത് അബൂലുബാബ ബശീർ ബിൻ അബ്ദുൽ മുൻദിറിനെ തന്റെ പ്രതിനിധിയായി നിശ്ചയിച്ച ശേഷം ഹിജ്റത്തിന്റെ 22-ാം മാസം ദുൽഹജ്ജ് 5-ാം തിയതി ഞായറാഴ്ച മുഹാജിരീങ്ങളിൽനിന്നും അൻസ്വാറിൽനിന്നുമുള്ള 200 സ്വഹാബത്തിനേയുംകൂട്ടി അവരെ പിന്തുടർന്നു. അങ്ങനെ നബി(സ)തിരുമേനി ഖർഖറത്തുൽ കുദ്റിലെത്തി. ഖർഖറത്തുൽ കുദ്ർ, മഅ്ദന്റ ചുറ്റുവട്ടത്തുള്ള അർഹളിയാക്കടുത്തുള്ള ഒരു സ്ഥലമാകുന്നു. ഇതിനും മദീനയ്ക്കുമിടയിൽ 96 മൈൽ ദൂരമുണ്ട്. ഇതു ബനൂസുലയ്മിന്റെ അടുത്തുള്ളതടാകമാണെന്നും പറയപ്പെടുന്നു.

എന്തായാലും അബൂസുഫ്യാനും അയാളുടെ സൈന്യവും പാത്തും പതുങ്ങിയും ഓടിപ്പോകുകയായിരുന്നു. മലർപ്പൊടിയുടെ സഞ്ചി വലിച്ചെറിഞ്ഞുകൊണ്ടാണ് അവർ പോയിരുന്നത്. ഇതായിരുന്നു അവരുടെ സാധാരണ പാഥേയം. മുസ്‌ലിമീങ്ങൾ അതെടുത്തുകൊണ്ടു പോകുകയും ചെയ്തു. അതുകൊണ്ട് ഈ യുദ്ധത്തിന്റെ പേര് ഗസ്വത്തുസ്സവീഖ് എന്നറിയപ്പെടുന്നു.

അബൂസുഫ്യാനും അയാളുടെ സൈന്യവും ഓടിപ്പോയി. മുസ്‌ലിമീങ്ങൾക്ക് അവരെ പിടിക്കാൻ കഴിഞ്ഞില്ല. പിന്നീട് നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങിവന്നു. സ്വഹാബാക്കൾ നബി(സ) തിരുമേനിയോടൊപ്പം മടങ്ങിവരുമ്പോൾ അവർ പറഞ്ഞു: യാ റസൂലല്ലാഹ്!നമ്മളിതിനെ യുദ്ധമെന്ന് പറയുന്നത് അങ്ങ് ഇഷ്ടപ്പെടുമോ? അവിടന്ന് പറഞ്ഞു: ഉവ്വ്!അതേ!(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 174, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1993) (അത്ത്വബഖാത്തുൽകുബ്റാ ലി

ഇബ്നി സഅ്ദ്, വാല്യം 2, പേജ് 22-23, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1990)(സീറത്തുന്നബി(സ), അല്ലാമ ശിബ്‌ലീ നുഅ്മാനീ വാല്യം 1, പേജ് 211)(സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 8, പേജ് 65-66)(ഫർഹങ്കെ സീറത്ത് പേജ് 242, 239, 234, പ്രസാധകർ സവാർ അക്കാഡമി കറാച്ചി).

യുദ്ധം നടന്നാലും ഇല്ലെങ്കിലും ഇതു യുദ്ധം തന്നെയാണ്.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ വന്നിട്ടുള്ള ഇതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു: ബദ്ർ യുദ്ധത്തിനുശേഷം അബുസുഫ്‌യാൻ ബദ്റിൽ വധിക്കപ്പെട്ടവർക്കുവേണ്ടി പ്രതികാരം ചെയ്യാത്തിടത്തോളം ഭാര്യയുടെയടുക്കൽ പോകുകയില്ലെന്നും മുടിയിൽ എണ്ണ തേക്കുകയില്ലെന്നും ശപഥം ചെയ്തിരുന്നു. അങ്ങനെ മൂന്നുനാലു മാസത്തിനുശേഷം ദുൽഹജ്ജ് മാസത്തിൽ അബൂസുഫ്‌യാൻ ആയുധധാരികളായ 200 ഖുറയ്ശികളേയുംകൂട്ടി മക്കയിൽനിന്ന് നജ്ദ് വഴി മദീനയ്ക്ക് അടുത്തെത്തി. മദീനയ്ക്കു സമീപം തന്റെ സൈന്യത്തെ വിട്ടുകൊണ്ട് അബൂസുഫ്‌യാൻ രാത്രിയുടെ കൂരിരുട്ടിൽ പാത്തും പതുങ്ങിയും യഹൂദിഗോത്രമായ ബനൂനളീറിന്റെ തലവൻ ഹുയയ്യ് ബിൻ അഖ്ത്വബിന്റെ വീട്ടിലെത്തി. അയാളോടു സഹായം അഭ്യർഥിച്ചു. പക്ഷേ, അയാളുടെ മനസ്സിൽ താൻ ചെയ്ത ഉടമ്പടിയെപറ്റി ഓർമയുണ്ടായിരുന്നു. അങ്ങനെ അയാൾ വസമ്മതം പ്രകടിപ്പിച്ചു. അയാൾ പറഞ്ഞു: ഞങ്ങൾ സന്ധി ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിങ്ങളോടു എന്തെങ്കിലും പറയാനോ നിങ്ങൾക്ക് അഭയം നല്കാനോ സാധ്യമല്ല. പിന്നീട് അബൂസുഫ്‌യാൻ വീണ്ടും പാത്തും പതുങ്ങിയും ബനൂനളീറിന്റെ മറ്റൊരു നേതാവായ സല്ലാം ബിൻ മിശ്കമിന്റെ വീട്ടിലെത്തി. അയാളോടും മുസ്‌ലിമീങ്ങൾക്കെതിരിൽ സഹായം അഭ്യർഥിച്ചു. ആ ദുർഭഗൻ വളരെ തന്റേടത്തോടുകൂടി തങ്ങളുടെ ഉടമ്പടി ഗൗനിക്കാതെ അബൂസുഫ്‌യാനെ സ്വീകരിക്കുകയും രാത്രി അയാളെ അതിഥിയായി നിറുത്തുകയും ചെയ്തു. മാത്രമല്ല അയാൾക്ക് മുസ്‌ലിമീങ്ങളെപറ്റി വാർത്തകൾ ചോർത്തിക്കൊടുക്കുകയും ചെയ്തു. നേരം വെളുക്കുന്നതിനുമുമ്പേ അബൂസുഫ്‌യാൻ അവിടെനിന്ന് തന്റെ സൈന്യത്തിലെത്തി. അയാൾ ഖുറയ്ശികളുടെ ഒരു സംഘത്തെ മദീനയ്ക്കടുത്തുള്ള ഉറയ്ള് എന്ന താഴ്‌വരയിൽ മിന്നൽ പരിശോധനയ്ക്കുവേണ്ടി അയച്ചു. ഈ താഴ്‌വരയിൽ മുസ്‌ലിമീങ്ങളുടെ നാൽക്കാലികളെ മേയ്ക്കാൻ വിട്ടിരുന്നു. ആ സ്ഥലം മദീനയിൽനിന്ന് മൂന്നു മൈൽ അകലെയായിരുന്നു. ഒരുപക്ഷേ, അബൂസുഫ്‌യാൻ, സല്ലാം ബിൻ മിശ്കമിൽനിന്നായിരിക്കും ഇതേകുറിച്ച് അറിഞ്ഞിട്ടുണ്ടാകുക. ഖുറയ്ശികളുടെ ഈ സംഘം അവിടെയെത്തിയപ്പോൾ ആ സമയത്ത് അവിടെ മുസ്‌ലിമീങ്ങളുടെ നാൽക്കാലികളൊന്നുമില്ലായിരുന്നു. പക്ഷേ, ഒരു മുസ്‌ലിം അൻസ്വാരിയും അദ്ദേഹത്തിന്റെ ഒരു സുഹൃത്തും അവിടെ ഉണ്ടായിരുന്നു. ഖുറയ്ശികൾ അവരിരുവരേയും പിടികൂടുകയും വളരെ ദാരുണമായി അവരെ വധിക്കുകയും ചെയ്തു. പിന്നീട് ഈത്തപ്പനകൾക്ക് തീകൊടുത്ത് അവിടെയുള്ള വീടുകളും കൂരകളും അഗ്നിക്കിരയാക്കി. അബൂസുഫ്‌യാൻ തന്റെ താവളത്തിലേക്ക് മടങ്ങിപ്പോയി. അബൂസുഫ്‌യാൻ തനിക്കു ലഭിച്ച ഈ വിജയത്തെ താൻചെയ്ത് ശപഥം പൂർത്തിയായതായി ഗണിച്ചുകൊണ്ട് സൈന്യത്തോടു മടങ്ങിപ്പോകാൻ കൽപ്പിച്ചു. മറുഭാഗത്ത് നബി(സ)തിരുമേനിക്ക് അബൂസുഫ്‌യാന്റെ ആക്രമണത്തെ കുറിച്ച് അറിവു ലഭിച്ചപ്പോൾ നബി(സ)തിരുമേനി സ്വഹാബത്തിന്റെ ഒരു സംഘത്തേയും കൂട്ടി അയാളെ പിന്തുടർന്നു. അബൂസുഫ്‌യാൻ തന്റെ വിജയത്തെ സംശയാസ്പദമാക്കാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല. മുസ്‌ലിമീങ്ങൾക്ക് അയാളുടെ സൈന്യത്തിന്റെ അടുക്കലെത്താൻ കഴിയാതിരിക്കുന്നതിന് അയാൾ ഉന്മാദിയെപ്പോലെ അതിശീഘ്രം പാഞ്ഞുകളഞ്ഞു. നബി(സ)തിരുമേനി രണ്ടു ദിവസത്തെ ഇടവേളയ്ക്കുശേഷം മദീനയിൽ തിരിച്ചെത്തി. അദ്ദേഹവും ഇതുതന്നെ എഴുതിയിരിക്കുന്നു: ഈ യുദ്ധത്തിന് സവീഖ് എന്നു പറയുന്നു. അതിനു കാരണമതാണ്:അബൂസുഫ്‌യാൻ മക്കയിലേക്ക് മടങ്ങിയപ്പോൾത്തന്നെ ആരോ പിന്തുടരുന്നുണ്ടെന്ന ഭയം നിമിത്തം കുറച്ചു പരിഭ്രമത്തിലായി. തന്റെ ഭാരം അൽപം കുറയ്ക്കുന്നതിനുവേണ്ടി തന്റെ പക്കലുണ്ടായിരുന്ന സവീഖ് (മലർപൊടി)ന്റെ കിഴികൾ വഴിയിൽ വലിച്ചെറിഞ്ഞുകൊണ്ടാണ് പോയിരുന്നത്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സഹിബ് എം.എ(റ)പേജ് 453-454)

സവീഖ് യുദ്ധത്തെ കുറിച്ച് പറയന്നു: ഈ പേരിലുണ്ടായ യുദ്ധം ഉഹദ് യുദ്ധത്തിനുശേഷം ഹിജ്റ നാലാം വർഷമാണുണ്ടായത്. ത്വബരി സവീഖ് എന്നുപേരുള്ള രണ്ടു യുദ്ധങ്ങളെ പറ്റി പരാമർശിക്കുന്നുണ്ട്.

ഒന്ന് ബദ്റിനുമുമ്പേ, ഇത് ഉഹദ് യുദ്ധമായിരിക്കും. അതിന്റെ വിശദീകരണമാണ് ഇപ്പോൾ വിവരിക്കപ്പെട്ടത്. രണ്ടാമത്തേത് ഉഹദു യുദ്ധത്തിനുശേഷം. പക്ഷേ, സീറത്ത് ഇബ്നു ഹിശാം, സുബുലുൽഹുദാ പോലുള്ള ബാക്കി ചരിത്ര ഗ്രന്ഥങ്ങളിൽ ഈ യുദ്ധത്തെ ബദ്റുൽമൗയിദ് എന്ന പേരിലാണ് വിവരിച്ചിരിക്കുന്നത്. ഈ യുദ്ധത്തിന്റെ അല്പം വിശദീകരണം നല്കാം. അബൂസുഫ്‌യാൻ ഉഹദു ദിവസം തിരിച്ചുപോകാൻ തീരുമാനിച്ചപ്പോൾ നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരു വർഷത്തിനുശേഷം ബദ്റുസ്സ്വഫ്റാഇനെ പറ്റി വാഗ്ദാനമുണ്ട്. നമുക്കവിടെ പൊരുതാം. ബദ്റുസ്സ്വഫ്റാ അറബികൾ ഒരുമിച്ചുകൂടുന്ന ചന്തയായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു:ഇൻശാഅല്ലാഹ്! ശരിയെന്നു വിളിച്ചു പറയുക. അങ്ങനെ ഈ വാഗ്ദാനത്തിനുശേഷം ആളുകൾ പിരിഞ്ഞുപോയി. നബി(സ)തിരുമേനി അബൂസുഫ്‌യാനോടു ചെയ്ത വാഗ്ദാനമനുസരിച്ച് അടുത്ത് വർഷം ബദ്റിലേക്ക് തിരിച്ചു. അവിടെയെത്തി നബി(സ)തിരുമേനി അബൂസുഫ്‌യാനെ കാത്ത് 8 രാത്രികൾ കഴിച്ചുകൂട്ടി. അബൂസുഫ്‌യാൻ മക്കക്കാരോടൊപ്പം മർറുള്ളഹ്റാനിന്റെ പ്രാന്തപ്രദാശമായ മജ്നയിൽ വന്ന് തമ്പടിച്ചു. മജ്ന മക്കയിൽനിന്ന് ഏതാനും മൈൽ അകലെ മർറുള്ളഹ്റാനിൽ ജബലുൽഅസ്ഫറിന്റെ(അസ്ഫർ മല) സമീപമുള്ള ഒരു പട്ടണമാണ്. ഏതായാലും അവിടെ മഴയില്ലെന്ന കാരണവും പറഞ്ഞ് അയാൾ തന്റെ സുഹൃത്തുക്കളുമായി തിരിച്ചുപോയി. മുന്നോട്ടുവരാൻ ധൈര്യമുണ്ടായില്ല. മക്കക്കാർ ഈ യുദ്ധത്തെ ജയ്ശുസ്സവീഖ് എന്നു പറയാൻ തുടങ്ങി. കാരണം ഇവർ മലർപൊടി കുടിച്ചുകൊണ്ടാണ് പോയത്.(താരീഖ് ത്വബരി, വാല്യം 2, പേജ് 87, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 337, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993) (ഫർഹങ്കെ സീറത്ത്, പേജ് 259, പ്രസാധനം സവാർ അക്കാഡമീ കറാച്ചി)

ആദ്യത്തെ ഈദുൽഅള്ഹിയായെ കുറിച്ച് പറയുന്നു:ഹിജ്റ രണ്ടാം വർഷം സവീഖ് യുദ്ധത്തിൽനിന്ന് മടങ്ങിവന്ന ശേഷം നബി(സ)തിരുമേനി ഈദുൽഅള്ഹിയ അനുഷ്ഠിച്ചു. ഇതു മുസ്‌ലിമീങ്ങളുടെ ആദ്യത്തെ ഈദുൽഅള്ഹിയ ആയിരുന്നു. ദുൽഹജ്ജ് മാസം 10-ാം തിയതി നബി(സ)തിരുമേനി തന്റെ സ്വഹാബത്തിനേയുംകൂട്ടി മദീനയ്ക്ക് പുറത്തുപോയി ജമാഅത്തോടുകൂടി നമസ്കരിക്കുകയും അവിടെത്തന്നെ തന്റെ പരിശുദ്ധ കരങ്ങളാൽ ബലി നല്കുകയും ചെയ്തു. (ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 6, പേജ് 362, പ്രസാധനം ദാറുൽമആരിഫ്, ലാഹോർ 2022)

ഒരു നിവേദനത്തിലുണ്ട്. നബി(സ)തിരുമേനി ബനൂഖയ്നഖാഅ് യുദ്ധത്തിൽനിന്ന് തിരിച്ചു മദീനയിലെത്തിയപ്പോൾ ഈദുൽഅള്ഹിയ നടത്തി. നബി(സ)തിരുമേനിയും ബലി നടത്താൻ കഴിവുണ്ടായിരുന്ന സ്വഹാബത്തും ദുൽഹജ്ജ് 10-ന് ബലി നല്കി. നബി(സ)തിരുമേനി സ്വഹാബത്തിനോടൊപ്പം ഈദുഗാഹിലെത്തി ആദ്യമായി ഈദുൽ അള്ഹിയ നമസ്കരിപ്പിച്ചു. ഇതാണ് നബി(സ)തിരുമേനി ആദ്യമായി സ്വഹാബത്തിന് നേതൃത്വം നല്കി നമസ്കരിച്ച ആദ്യത്തെ ഈദുൽഅള്ഹിയ നമസ്കാരം. അവിടെ ഈദുഗാഹിൽത്തന്നെ നബി(സ)തിരുമേനി ആടുകളെ/ആടിനെ ബലിയറുത്തു.

ഹദ്റത്ത് ജാബിർ(റ)ൽ നിന്ന് നിവേദനം. റസൂലുല്ലാഹി(സ)ബനൂഖയ്നഖാഅ് യുദ്ധത്തിൽനിന്ന് മടങ്ങി മദീനയിലെത്തിയപ്പോൾ ഈദുൽഅള്ഹിയ വന്നു. അവിടന്നും അവിടത്തെ സ്വഹാബിമാരിൽ കഴിവുള്ളവരും ദുൽഹജ്ജ് 10-ന് ബലിയറുത്തു. നബി(സ)തിരുമേനിയോടൊപ്പം ഈദുഗാഹിൽപോയി. അവിടന്ന് അദ്ദേഹം ആദ്യം പെരുന്നാൾ നമസ്കരിപ്പിച്ചു. നബി(സ)തിരുമേനി സ്വഹാബത്തിനെ നമസ്കരിപ്പിച്ച ആദ്യത്തെ പെരുന്നാൾ നമസ്കാരമായിരുന്നു ഇത്. ആ ഈദുഗാഹിൽത്തന്നെ അവിടന്ന് തന്റെ കൈകൊണ്ട് ആടുകളെ അല്ലെങ്കിൽ ആടിനെ അറുത്തു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽനിന്ന് നവേദനം. ബനുഖയ്നഖാഅ് യുദ്ധത്തിൽനിന്ന് മടങ്ങി വന്ന് ഞങ്ങൾ ദുൽഹജ്ജ് 10ന് ബലിയറുത്തു. മുസ്‌ലിമീങ്ങളുടെ മുമ്പിൽനടന്ന ആദ്യത്തെ ബലിയായിരുന്നു അത്. ഞങ്ങൾ ബനൂസലമയിൽ ബലി അറുത്തിരുന്നു. ഞാൻ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ഖുർബാനി എത്രനടത്തിയെന്ന് എണ്ണിനോക്കി. ആ ദിവസം ആ സ്ഥലത്ത് 17 ഖുർബാനിയാണ് നടന്നത്.(താരീഖ് ത്വബരി വാല്യം 2, പേജ് 49, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റൂത്ത് 2012) താരീഖ് ത്വബരിയിൽനിന്നുള്ള ഉദ്ധരണിയാണിത്.

ഇതുസംബന്ധമായി ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) സീറത്ത് ഖാത്തമുന്നബിയ്യീനിലെഴുതുന്നു:

ഇതേവർഷം ദുൽഹജ്ജ് മാസത്തിൽ രണ്ടാമത്തെ ഇസ്‌ലാമിക ഈദായ ഈദുൽഅള്ഹിയാക്ക് തുടക്കം കുറിച്ചു. ഇത് ദുൽഹജ്ജ് മാസം 10-ാം തിയതി ലോകമെമ്പാടുമുള്ള മുസ്‌ലിമീങ്ങൾ ആഘോഷിക്കുന്നു. സത്യവിശ്വാസിയായ ഓരോ മുസ്‌ലിമും തന്റെ വകയായി ഏതെങ്കിലും മൃഗത്തെ ബലിയറുത്ത് അതിന്റെ മാംസം തന്റെ ബന്ധുമിത്രാദികൾക്കും അയൽവാസികൾക്കും മറ്റുള്ളവർക്കും വിതരണം ചെയ്യുയും സ്വയം ഭക്ഷിക്കുകയും ചെയ്യുന്നു.

ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് അൽപം വിശദീകരണം നല്കുന്നത് അടിസ്ഥാനപരമായ കാര്യങ്ങൾ അതിന്നിടയിൽ വരുന്നതുകൊണ്ടാണ്. ഇങ്ങനെയാണ് ഖുർബാനിയുടെ മാംസത്തിന്റെ വിതരണവും. അങ്ങനെ ഈദുൽ അള്ഹിയായുടെ ദിവസവും അതിനുശേഷം രണ്ടു ദിവസംവരേയും സകല മുസ്‌ലിം ലോകത്തും ലക്ഷക്കണക്കിന് കോടിക്കണക്കിന് മൃഗങ്ങളാണ് ദൈവമാർഗത്തിൽ ബലിയറുക്കപ്പെടുന്നത്. അങ്ങനെ മുസ്‌ലിമീങ്ങൾക്കുള്ളിൽ കർമപരമായും ഹദ്‌റത്ത് ഇബ്‌റാഹീമിന്റേയും ഹദ്‌റത്ത് ഇസ്‌മായീലിന്റേയും ഹദ്‌റത്ത് ഹജറായുടേയും(അലയ്ഹിമുസ്സലാം)ത്യാഗങ്ങൾ ജീവസുറ്റതായി നിലനിറുത്തുന്നതിന്റെ ഏറ്റവും ഉദാത്തമായ മാതൃക നബി(സ)തിരുമേനിയുടെ മാതൃകയാകുന്നു. ഓരോ മുസ്‌ലിമും തന്റെ യജമാനനും ഉടമസ്ഥനുമായ അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ ജീവനും സമ്പത്തും എല്ലാ ഓരോ കാര്യവും ത്യജിക്കാൻ സന്നദ്ധനാകണമെന്ന് ജാഗ്രതപ്പെടുത്തുകയും ചെയ്യുന്നു. ഈ ഈദും ഈദുൽഫിത്വർപോലെ ഒരു മഹത്തായ ഇസ്‌ലാമിക ആരാധനയായ ഹജ്ജിന്റെ പൂർത്തീരണത്തിലാണ് അനുഷ്ഠിക്കുന്നത്. (സീറത്ത് ഖാത്തമുന്നബിയ്യീൻ(സ), ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 454-455)

ഹദ്‌റത്ത് ഫാത്വിമ(റ)യുടെ നിക്കാഹും ഹിജ്റ രണ്ടാം വർഷമാണ് നടന്നത്. ഹദ്‌റത്ത് അലി(റ), നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി ഹദ്‌റത്ത് ഫാത്വിമയെ വിവാഹം കഴിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ നബി(സ)തിരുമേനി സന്തോഷപൂർവം സ്വീകരിച്ചു. ഹദ്‌റത്ത് അനസ്(റ)വിവരിക്കുന്നു: ഹദ്‌റത്ത് അബൂബക്റും ഹദ്‌റത്ത് ഉമറും ഇരുവരും നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി ഹദ്‌റത്ത് ഫാത്വിമയെ വിവാഹം കഴിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനി മൗനം ദീക്ഷിച്ചു. അവർക്ക് മറുപടിയൊന്നും നൽകിയതുമില്ല. ആദ്യം അബൂബക്റും ഉമറുമാണ് വിവാഹാഭ്യർഥനയുമായെത്തിയത്. പിന്നീടാണ് ഹദ്‌റത്ത് അലി തന്റെ ആഗ്രഹം പ്രകടിപ്പിച്ചത്. നിവേദനങ്ങളിൽനിന്ന് കാര്യങ്ങൾ കുറെക്കൂടി വ്യക്തമാകുന്നുണ്ട്. ഹദ്‌റത്ത് അലി(റ)വിവരിക്കുന്നു, ഞാൻ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി പറഞ്ഞു:അങ്ങ് ഫാത്വിമയെ എനിക്കു വിവാഹം ചെയ്തു തന്നാലും. നബി(സ) തിരുമേനി ചോദിച്ചു: മഹർ കൊടുക്കാൻ വല്ലതും നിന്റെ കൈയിലുണ്ടോ? ഞാൻ പറഞ്ഞു: എന്റെ പടച്ചട്ടയും കുതിരയുമുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: കുതിര നിനക്ക് ആവശ്യമുള്ളതാണ്. അതുകൊണ്ട് പടച്ചട്ട വില്ക്കുക. അങ്ങനെ ഞാനെന്റെ പടച്ചട്ട വിറ്റുകിട്ടിയ 480 ദിർഹംകൊണ്ടാണ് മഹ്ർ ഏർപാടു ചെയ്തത്. ഒരു നിവേദനത്തിൽ പറയുന്നു, ഹദ്‌റത്ത് അലി പടച്ചട്ട വിറ്റത് ഹദ്‌റത്ത് ഉഥ്മാനാണ്. ഹദ്‌റത്ത് ഉഥ്മാൻ(റ) പടച്ചട്ടയുടെ വിലയും പടച്ചട്ടയും അദ്ദേഹത്തിനുതന്നെ തിരികെ കൊടുത്തു. ഹദ്‌റത്ത് അലി(റ)പറയുന്നു:ഞാൻ ആ തുക കൊണ്ടുവന്ന് നബി(സ)തിരുമേനിയുടെ മടിയിൽ വെച്ചുകൊടുത്തു. നബി(സ)തിരുമേനി അതിൽനിന്ന് ഒരു പിടിയെടുത്ത് ബിലാലിന് കൊടുത്തുകൊണ്ട് പറഞ്ഞു:ഇതുകൊണ്ടുപോയി കുറച്ചു സുഗന്ധങ്ങൾ വാങ്ങി വരിക. വേറെ ചിലരോടു ഹദ്‌റത്ത് ഫാത്വിമായ്ക്കുള്ള വിവാഹ സമ്മാനങ്ങൾ തയ്യാറാക്കാൻ പറഞ്ഞു. അങ്ങനെ ഹദ്‌റത്ത് ഫാത്വിമയ്ക്കുവേണ്ടി ഒരു കട്ടിലും ഈത്തപ്പനനാരു നിറച്ച ഒരു തുകൽ തലയിണയും മറ്റും തയ്യാറാക്കി. മഹ്റിന്റെ ഉപയോഗം ഇങ്ങനെയുമാകാവുന്നതാണ്. ചിലർ വിവാഹം കഴിഞ്ഞതുകൊണ്ട് മഹ്ർ നൽകില്ലെന്ന് പറയാറുണ്ട്. എന്നാൽ, ഇവിടെ മഹ്ർകൊണ്ടാണ് ചെലവുകൾ പൂർത്തിയാക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയുന്നു.

ഒരു നിവേദനത്തിൽ ഹദ്‌റത്ത് അലിയുമായുള്ള വിവാഹബന്ധത്തെ പറ്റി നബി(സ)തിരുമേനി പറയുന്നു:എന്റെ റബ്ബ് എന്നോടു ഇതു നടത്തുന്നതിന് കൽപിക്കുകയുണ്ടായി.

വിവാഹത്തിനുശേഷം നബി(സ)തിരുമേനി ഹദ്‌റത്ത് അലിയോടു പറഞ്ഞു: ഫാത്വിമ നിന്റെ അടുത്ത് വരുമ്പോൾ ഞാനെത്തുന്നതുവരേയും അവളോടു സംസാരിക്കരുത്. അങ്ങനെ ഹദ്‌റത്ത് ഫാത്വിമ, ഹദ്‌റത്ത് ഉമ്മു അയ്മന്റെ കൂടെ വന്ന് വീടിന്റെ ഒരു ഭാഗത്തിരുന്നു. ഞാനും വേറൊരു ഭാഗത്തിരുന്നു. ഹദ്‌റത്ത് അലി തുടർന്ന് പറയുന്നു: കുറച്ചു കഴിഞ്ഞ് നബി(സ)തിരുമേനി എത്തി ചോദിച്ചു:എന്റെ സഹോദരൻ ഇവിടെയുണ്ടോ?ഉമ്മു അയ്മൻ ചോദിച്ചു:അങ്ങയുടെ സഹോദരനോ? അങ്ങ് അദ്ദേഹത്തിന് മകളെ വിവാഹം ചെയ്തു കൊടുത്തിരിക്കുന്നു! നബി(സ)തിരുമേനി പറഞ്ഞു: ഇത്തരം ബന്ധത്തിൽ വിവാഹങ്ങൾ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള സഹോദരനുമായി വിവാഹം നടത്താവുന്നതാണ്. ഏതായാലും അത് ഔരസ സഹോദരനല്ല. നബി(സ)തിരുമേനി അകത്തുപോയി. ഹദ്‌റത്ത് ഫാത്വിമയോടു പറഞ്ഞു:വെള്ളം കൊണ്ടുവരിക. അവർ എഴുന്നേറ്റുപോയി വീട്ടിലുണ്ടായിരുന്ന പാത്രത്തിൽ വെള്ളമെടുത്തുകൊണ്ടുവന്നു. നബി(സ)തിരുമേനി അതിൽനിന്ന് വെള്ളം കുറച്ചുനേരം വായിൽവച്ചശേഷം വീണ്ടും പാത്രത്തിലേക്കു തന്നെയിട്ടു. പിന്നീട് മുന്നോട്ടു വരാൻ ഹദ്‌റത്ത് ഫാത്വിമയോടു പറഞ്ഞു. ഫാത്വിമ മുന്നോട്ടു വന്നപ്പോൾ നബി(സ)തിരുമേനി അവർക്കുമേലും അവരുടെ തലയിലും വെള്ളം കുടഞ്ഞുകൊണ്ട് ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുമ്മ ഇന്നീ ഉയീദുഹാബിക്ക വ ദുർരിയ്യത്തഹാ മിനശ്ശയ്ത്വാനിർറജീം അല്ലാഹുവേ!ഇവളേയും ഇവളുടെ മക്കളേയും ശപിക്കപ്പെട്ട ശയ്ത്വാനിൽനിന്ന് നിന്റെ അഭയത്തിൽ തരികയാണ്.

പിന്നീട് നബി(സ)തിരുമേനി തിരിഞ്ഞുനില്ക്കാൻ ഫാത്വിമയോടു പറഞ്ഞു. അപ്പോൾ ഫാത്വിമായുടെ തോളുകൾക്കിടയിൽ വെള്ളം കുടഞ്ഞു. പിന്നീട് അലിയോടും അങ്ങനെത്തന്നെ ചെയ്തു. തുടർന്ന് അലിയോടു പറഞ്ഞു:നീ നിന്റെ കുടുംബത്തിലേക്ക് അല്ലാഹുവിന്റെ നാമത്തിലും അനുഗ്രഹത്തിലും പോകുക.

ഇതേപോലെതന്നെ ഹദ്‌റത്ത് അലി നിവേദനം. നബി(സ)തിരുമേനി ഒരു പാത്രത്തിൽ വുളു ചെയ്യുകയും പിന്നീട് അതിലെ വെള്ളം ഹദ്‌റത്ത് അലിയുടേയും ഹദ്‌റത്ത് ഫാത്വിമയുടേയുംമേൽ കുടയുകയും ചെയ്തു. തുടർന്ന് ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ നസ്‌ലഹുമാ എന്റെ അല്ലാഹുവേ!നീ ഇവരുടെ പരസ്പരമുള്ള ബന്ധങ്ങളിൽ ബർക്കത്ത് നല്കിയാലും. അവർക്ക് മറ്റുള്ളവരോടു നിലനില്ക്കുന്ന ബന്ധങ്ങളിലും ബർക്കത്ത് നല്കിയാലും. അവരുടെ സന്താനങ്ങളിലും ബർക്കത്ത് നല്കിയാലും.

ഹദ്‌റത്ത് ആഇശയും ഹദ്‌റത്ത് ഉമ്മുസലമയും നിവേദനം:നബി(സ)തിരുമേനി ഞങ്ങളോടു പറഞ്ഞു: നിങ്ങൾ ഫാത്വിമയെ അണിയിച്ച് അലിയുടെ അടുത്ത് കൊണ്ടുപോകുക. അങ്ങനെ ഞങ്ങൾ വീടുപരമായ കാര്യങ്ങൾ ശ്രദ്ധിച്ചു. ഞങ്ങൾ ബത്ഹായിലെ നേർത്തമണ്ണുകൊണ്ട് വീട് മെഴുകി. ആദ്യം വീടാണ് വൃത്തിയാക്കിയത്. പിന്നീട് ഈത്തപ്പനനാരുകൊണ്ട് രണ്ടുതലയണകൾ ഞങ്ങളുടെകൈകൾകൊണ്ട് ഞങ്ങൾ തുന്നിയുണ്ടാക്കി. ഈത്തപ്പഴവും ഉണക്കമുന്തിരിയും കഴിക്കാനും മധുരവെള്ളം കുടിക്കാനും വെച്ചു. ഒരു തടിക്കഷണം മുറിയിൽ വസ്ത്രങ്ങളും വെള്ളത്തിന്റെ സഞ്ചിയും തൂക്കിയിടാനും അയലെന്നപോലെവച്ചു.

ഞങ്ങൾ ഫാത്വിമയുടെ വിവാഹത്തെക്കാളും നല്ല ഒരു വിവാഹവും കണ്ടിട്ടില്ല. വലീമ ഈത്തപ്പഴവും പനീറും ഹയ്സുമായിരുന്നു. ഹയ്സ് ഈത്തപ്പഴവും നെയ്യും പനീറും ചേർത്തുണ്ടാക്കുന്ന ഒരു പലഹാരമാണ്. ഹദ്‌റത്ത് അസ്മാ ബിൻത് ഉമയ്സ് വിവരിക്കുന്നു, അക്കാലഘട്ടത്തിൽ അതിനെക്കാൾ നല്ല ഒരു വലീമയും കണ്ടിട്ടില്ല.(ശറഹ് അൽഅല്ലാമ അസ്സർഖാനീ അലൽ മവാഹിബുല്ലദുന്നി വാല്യം 2, പേജ് 357-366, ദിക്റു തസ്‌വീജ് അലാ ബി ഫാത്വിമ ദാറുൽകുതുബുൽഇൽമിയ്യ 1996)(താരീഖ് അൽഖുമയ്സ് ഭാഗം 2, പേജ് 77, ഫിൽവഖാഇയി മിൻ അവ്വലി ഹിജ്റത്തിഹീ(സ) ഇലാ വഫാത്തിഹീ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റൂത്ത് 2009)(സുനൻ ഇബ്നുമാജ, കിതാബുന്നിക്കാഹ്, ബാബു അൽവലീമ, ഹദീഥ് നമ്പർ 1911)(ത്വബഖാത്തുൽകുബ്റാ ഭാഗം 8, പേജ് 19, ദാറുൽകുതുബുൽഇൽമിയ്യ 1990)(ലുഗാത്തുൽഹദീഥ്, വാല്യം 1, പേജ് 542, നുഅ്മാനീ കുതുബുഖാന, ലാഹോർ 2005)

ഈ വിവാഹവും വലീമയും ലാളിത്യത്തിന്റെ മകുടോദാഹരണമായിരുന്നു. ഹദ്‌റത്ത് അലിയുടേയും ഹദ്‌റത്ത് ഫാത്വിമയുടേയും വിവാഹത്തിന്റെ വിശദാംശങ്ങളെ പറ്റി സീറത്തു ഖാത്തുമുന്നബിയ്യീനിൽ ചില കൂടുതൽ കാര്യങ്ങൾ വന്നിട്ടുണ്ട്. അതും കൂടി കേൾപ്പക്കേണ്ടത് ആവശ്യമാണ്. അതിൽ പറയുന്നു:

ഹദ്‌റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിയുടെ മക്കളിലേറ്റവും ചെറുതായിരുന്നു. അവർ ഹദ്‌റത്ത് ഖദീജയിലാണ് ജനിച്ചത്. നബി(സ) തിരുമേനി തന്റെ മക്കളിൽ ഹദ്‌റത്ത് ഫാത്വിമയെയാണ് ഏറ്റവുമധികം ഇഷ്ടപ്പെട്ടിരുന്നത്. അവർ തന്റെ വ്യക്തിഗത ശ്രേഷ്ഠതകൾ കാരണം അതിന് ഏറ്റവും അർഹയുമായിരുന്നു. അവരിലൊരുപാട് സവിശേഷതകളുമുണ്ടായിരുന്നു. അവർക്ക് ഏകദേശം 15 വയസ്സായപ്പോൾ വിവാഹാലോചനകൾ വരാൻ തുടങ്ങി. ഏറ്റവുമാദ്യം അപേക്ഷിച്ചത് ഹദ്‌റത്ത് അബൂബക്‌ർ(റ)ആയിരുന്നു. പക്ഷേ, നബി(സ)തിരുമേനി അതൊഴിവാക്കി. പിന്നീട് ഹദ്‌റത്ത് ഉമർ(റ)അപേക്ഷിച്ചെങ്കിലും നബി(സ)തിരുമേനി അനുമതി നല്കിയില്ല. അതിനുശേഷം നബി(സ)തിരുമേനിയുടെ ആഗ്രഹം ഹദ്‌റത്ത് അലിയെ സംബന്ധിച്ചാണെന്ന് മനസ്സിലാക്കിയ ഈ രണ്ടു മഹാത്മാക്കളും ഹദ്‌റത്ത് അലിയോടു ഫാത്വിമയെ സംബന്ധിച്ച് അപേക്ഷി

ക്കാൻ അഭ്യർഥിച്ചു. മറുഭാഗത്ത് അല്ലാഹുവിന്റെ വഹി മുഖേന ഹദ്റത്ത് ഫാത്വിമയുടെ വിവാഹം ഹദ്റത്ത് അലിയുമായി നടത്താൻ സൂചന ലഭിച്ചിരുന്നു. ഹദ്റത്ത് ഫാത്വിമയോടു ചോദിച്ചപ്പോൾ അവർ ലജ്ജകൊണ്ട് മിണ്ടാതെ നിന്നു. ഒന്നും പറഞ്ഞതുമില്ല. പറയുന്നു:ഈ മൗനവും ഒരു തരത്തിലുള്ള സമ്മതംതന്നെയാണ്. തുടർന്ന് നബി(സ)തിരുമേനി മുഹാജിറുകളുടേയും അൻസ്വാറിന്റേയും ഒരു കൂട്ടം ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഹദ്റത്ത് അലിയുമായി ഹദ്റത്ത് ഫാത്വിമയുടെ നിക്കാഹ് വിളംബരം ചെയ്തു. ഇത് ഹിജ്റ രണ്ടാം വർഷം ആരംഭത്തിലോ പകുതിയിലോ ആയിരുന്നു. അതിനുശേഷം ബദ്ർയുദ്ധമുണ്ടായി. ദുൽഹജ്ജ് മാസത്തിലായിരുന്നു വീടുകൂടുന്നതിനെപറ്റി അഭിപ്രായമുണ്ടായതെന്ന് തോന്നുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അലിയെ വിളിച്ചു ചോദിച്ചു:നിന്റെ പക്കൽ മഹ്റു കൊടുക്കാൻ വല്ലതുമുണ്ടോ? ഹദ്റത്ത് അലി(റ)പറഞ്ഞു:യാ റസൂലല്ലാഹ്!എന്റെ കൈയിൽ ഒന്നുമില്ല. നബി(സ)തിരുമേനി ചോദിച്ചു:ഞാൻ ബദ്റിലെ യുദ്ധമുതലിൽനിന്ന് നിനക്കുതന്ന പടച്ചട്ട എവിടെ? അത് തന്റെ കൈയിലുണ്ടെന്ന് ഹദ്റത്ത് അലി പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: അതുകൊണ്ടുവരൂ! അങ്ങനെ ആ പടച്ചട്ട 480 ദിർഹമിന് വിറ്റു. നബി(സ)തിരുമേനി ഈ തുകകൊണ്ടു വിവാഹത്തിനുള്ള ചെലവുകൾ നടത്തി. നബി(സ)തിരുമേനി വിവാഹ സമ്മാനമായി ലേസുള്ള വിരിയും ഈത്തപ്പനയുടെ ഉണക്ക ഇല നിറച്ച ഒരു കിടക്കയും ഒരു വെള്ള പ്പാത്രവുമാണ് നല്കിയത്. ഒരു നിവേദനത്തിൽ ഹദ്റത്ത് ഫാത്വിമയ്ക്കുള്ള വിവാഹ സമ്മാനത്തിൽ ഒരു അരകല്ലും കൊടുത്തിരുന്നുവെന്ന് പറയുന്നുണ്ട്. സാധനങ്ങളെല്ലാം തയ്യാറായപ്പോൾ വീടിനെ പറ്റിയുള്ള ചിന്തയായി. ഹദ്റത്ത് അലി(റ)അതുവരേയും നബി(സ)തിരുമേനിയുടെ കൂടെ മസ്ജിദിലെ ഏതോ മുറിയിലോ മറ്റോ ആണ് താമസിച്ചിരുന്നത്. എന്നാൽ, വിവാഹശേഷം ഭാര്യാഭർത്താക്കന്മാർക്ക് താമസിക്കാൻ ഒരു വീട് ആവശ്യമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അലിയോടു പറഞ്ഞു:നിങ്ങൾക്കിരുവർക്കും താമസിക്കാൻ വീട് അന്വേഷിക്കുക. ഹദ്റത്ത് അലി താൽക്കാലികമായി താമസിക്കാൻ ഒരു വീട് ഏർപാടാക്കി. അതിലാണ് ഹദ്റത്ത് ഫാത്വിമയെ കൊണ്ടുവന്നത്. വീടുകൂടിയ അന്നേദിവസം നബി(സ)തിരുമേനി ആ വീട്ടിലെത്തി. കുറച്ചു വെള്ളം വാങ്ങി ദുആ ചെയ്തശേഷം ഹദ്റത്ത് അലിയുടേയും ഫാത്വിമയുടേയുംമേൽ കുടഞ്ഞു. ദുആ ഞാൻ നേരത്തേയും കേൾപിച്ചതാണ്. അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ നസ്‌ലഹുമാ

ഈ ദുആ വിവാഹബന്ധത്തിൽ പ്രവേശിക്കുന്ന കുട്ടികൾക്കുവേണ്ടി അവരുടെ മാതാപിതാക്കളും ചെയ്യേണ്ടതാണ്.

ഇക്കാലത്ത് വിവാഹത്തിനുശേഷം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ പ്രശ്നങ്ങൾ തലപൊക്കാൻ തുടങ്ങുന്നു. അതു വർധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണം ഭൗതികതയോടുള്ള ആർത്തിയുടെ വർധനയാണ്. ദീനിലേക്കും ദൈവകൽപനകളിലേക്കും ശ്രദ്ധ വളരെ കുറവാണ്. ദീനിനെ മുന്തിക്കുകയാണെങ്കിൽ, ഈ രീതിയിൽ ദുആ ചെയ്യുകയാണെങ്കിൽ പിന്നീട് മാതാപിതാക്കൾ തങ്ങളുടെ ഭാഗം അതേപോലെ നിറവേറ്റുകയാണെങ്കിൽ ബന്ധങ്ങൾ നിലനില്ക്കുന്നതാണ്.

ഈ ദുആയുടെ അർഥം ഇപ്രകാരമാകുന്നു:എന്റെ അല്ലാഹുവേ!നീ ഇവരുടെ പരസ്പരമുള്ള ബന്ധങ്ങളിൽ ബർക്കത്ത് നല്കിയാലും. അവർക്ക് മറ്റുള്ളവരോടുള്ള ബന്ധങ്ങളിലും ബർക്കത്ത് നല്കിയാലും. അവരുടെ മക്കളിലും ബർക്കത്ത് നല്കിയാലും. തുടർന്ന് നബി(സ)തിരുമേനി അവരെ വിട്ട് മടങ്ങിവന്നു. അതിനുശേഷം ഒരു ദിവസം നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിലെത്തിയപ്പോൾ ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു:ഹാരിഥ ബിൻ നുഅ്മാൻ അൻസ്വാരിയുടെ പക്കൽ ചില വീടുകളുണ്ട്. അദ്ദേഹത്തോട് അതിലേതെങ്കിലും വീട് ഞങ്ങൾക്കുവേണ്ടി കാലിയാക്കാൻ പറഞ്ഞാലും. ഞങ്ങൾ അവിടേക്ക് മാറാം. അങ്ങയുടെ അടുത്താകുകയും ചെയ്യുമല്ലോ. നബി(സ)തിരുമേനി പറഞ്ഞു:അദ്ദേഹം നമുക്കുവേണ്ടി ഒരുപാടു വീടുകൾ ഒഴിഞ്ഞുതന്നിട്ടുള്ളതാണ്. ഇനി അദ്ദേഹത്തോടു പറയാൻ എനിക്ക് ലജ്ജയുണ്ട്. ഹാരിഥ ഈ വിവരം എങ്ങനെയോ അറിഞ്ഞപ്പോൾ അദ്ദേഹം ഓടി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു:യാ റസൂലല്ലാഹ്! എന്റേതെല്ലാംതന്നെ അങ്ങയുടേതാണ്. അല്ലാഹുവാണ! അങ്ങയ്ക്ക് ആവശ്യമുള്ളത് എന്നിൽനിന്ന് സ്വീകരിക്കുന്നത് അതെന്റെ കൈയിലിരിക്കുന്നതിനെക്കാൾ എനിക്ക് സന്തോഷം നല്കുന്ന കാര്യമാണ്. തുടർന്ന് ആ ആത്മാർഥനായ സ്വഹാബി നിർബന്ധപൂർവം തന്റെയൊരു വീട് ഒഴിപ്പിച്ച് നബി(സ)തിരുമേനിക്ക് സമർപിച്ചു. ഹദ്റത്ത് അലിയും ഫാത്വിമയും അവിടെ വരുകയും ചെയ്തു. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ.(റ)(455-456)

ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും പ്രയാസവും ദാരിദ്രവുമായിരുന്നിട്ടും സാത്വികതയുടേയും ഉള്ളതിൽ തൃപ്തിപ്പെട്ടു ജീവിക്കുന്നതിന്റേയും അതുല്യ മാതൃകയായിരുന്നു. ഹദീഥിൽ പറയുന്നു: ഹദറത്ത് അലി(റ)നിവേദനം. ഹദ്റത്ത് ഫാത്വിമ(റ)ആട്ടുകല്ല് ആട്ടുന്നതുകൊണ്ട് തന്റെ കൈകൾക്ക് ബുദ്ധിമുട്ടുണ്ടെന്ന് നബി(സ)തിരുമേനിയോടു പരാതി പറഞ്ഞു. നബി(സ)തിരുമേനിയുടെയടുക്കൽ കുറച്ചു ബന്ദികൾ വന്നിരുന്നു. ഇവർ നബിയുടെയടുക്കൽപോയി. അപ്പോൾ അവിടെ നബി(സ)തിരുമേനി ഇല്ലായിരുന്നു. അവർ ഹദ്റത്ത് ആഇശയുടെ അടുക്കലെത്തി താൻ വന്ന കാര്യം പറഞ്ഞു. നബി(സ)തിരുമേനി തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ആഇശ(റ), ഫാത്വിമ വന്ന കാര്യം പറഞ്ഞു. ഹദ്റത്ത് ഫാത്വിമ പറയുന്നു, നബി(സ)തിരുമേനി ഞങ്ങളുടെയടുക്കൽ വന്നു. ഞങ്ങളപ്പോൾ കിടന്നിരുന്നു. ഞങ്ങളെഴുന്നേല്ക്കാൻ തുനിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു:നിങ്ങൾ കിടന്നുകൊള്ളുക. അവിടന്ന് ഞങ്ങളുടെ ഇടയിലിരുന്നു. അവിടത്തെ കാലിന്റെ തണുപ്പ് എന്റെ നെഞ്ചിൽ അനുഭവപ്പെട്ടിരുന്നു. അവിടന്ന് പറഞ്ഞു:നിങ്ങൾ ആവശ്യപ്പെട്ടതിനെക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?അതെന്തന്നാൽ, നിങ്ങൾ കിടക്കുമ്പോൾ 34 പ്രാവശ്യം അല്ലാഹു അക്ബർ, 34 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്നു ചൊല്ലുക. ഇത് നിങ്ങളെ സംബന്ധിച്ചിടത്തോളം വേലക്കാരെകിട്ടുന്നതിനെക്കാൾ ഉത്തമമാകുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. ഹദ്റത്ത് ഫാത്വിമ(റ), നബി(സ)തിരുമേനിയുടെ സവിധത്തിൽ വേലക്കാരനെ ചോദിക്കുന്നതിനുവേണ്ടി വന്നു. ജോലിഭാരത്തെ കുറിച്ച് പരാതി പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: നിങ്ങളെ സംബന്ധിച്ചിടത്തോളം വേലക്കാരനെക്കാൾ ഉത്തമം കിടക്കാൻ നേരത്ത് 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ്, 34 പ്രാവശ്യം അല്ലാഹു അക്ബർ എന്ന് ചൊല്ലുന്നതാണ്.

ഇതു മുസ്‌ലിമിലുള്ള നവേദനമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ചരിത്രം വിവരിച്ചുകൊണ്ട് പറയുന്നു:ഈ സംഭവം ബുഖാരിയെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം വിവരിക്കുന്നത്. ഹദ്റത്ത് ഫാത്വിമ (റ)ആട്ടുകല്ലിൽ ആട്ടുന്നതുകൊണ്ട് പ്രയാസമുണ്ടെന്ന് പറഞ്ഞു. ഇതിന്നിടയിൽ നബി(സ)തിരുമേനിയുടെ അടുത്ത് കുറച്ച് അടിമകളെത്തിയിരുന്നു. ഹദ്റത്ത് ഫാത്വിമ നബി(സ)തിരുമേനിയുടെയടുക്കൽ വന്നെങ്കിലും അവിടന്ന് വീട്ടിലില്ലായിരുന്നു. അതുകൊണ്ട് അവർ ഹദ്റത്ത് ആഇശയോടു വരാനിടയായ കാര്യം പറഞ്ഞ് തിരിച്ചുപോയി. അവിടന്ന് വീട്ടിൽ വന്നപ്പോൾ ഹദ്റത്ത് ആഇശ, ഫാത്വിമ വന്ന കാര്യം പറഞ്ഞു. അപ്പോൾ അവിടന്ന് നേരെ ഞങ്ങളുടെയടുക്കൽ വന്നു. ഞങ്ങൾ ഉറങ്ങാൻ കിടന്നിരുന്നു. നബി(സ)തിരുമേനി വന്നതുകണ്ടപ്പോൾ ഞാൻ എഴുന്നേൽക്കാനാഗ്രഹിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: കിടന്നുകൊള്ളുക! അപ്പോൾ അവിടന്ന് ഞങ്ങൾക്കിടയിൽ വന്നിരുന്നു. അവിടത്തെ കാലിന്റെ തണുപ്പ് എനിക്ക് നെഞ്ചിൽ അനുഭവപ്പെടുന്നുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു, നിങ്ങളാവശ്യപ്പെട്ടതിനെക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? അത് നിങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ 34 പ്രാവശ്യം അല്ലാഹു അക്ബർ, 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്ന് ചൊല്ലുക. ഇതു നിങ്ങൾക്ക് വേലക്കാരനെ കിട്ടുന്നതിനെക്കാൾ ഉത്തമമാകുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:ഇതിൽനിന്ന് നബി(സ)തിരുമേനി സമ്പത്ത് വിതരണം ചെയ്യുന്നതിൽ വളരെ ജാഗ്രത കാണിച്ചിരുന്നുവെന്നത് വ്യക്തമാണ്. ഹദ്റത്ത് ഫാത്വിമയ്ക്ക് വേലക്കാരനെ ആവശ്യമുണ്ടായിരുന്നു. ആട്ടുകല്ലിൽ അരയാത്തതുകൊണ്ട് കൈയിൽ പ്രയാസവും അനുഭവപ്പെട്ടിരുന്നു. എന്നിട്ടും നബി(സ)തിരുമേനി അവർക്ക് സേവകനെ നലകിയില്ല. പ്രത്യുത ദുആ ചെയ്യാൻ പറഞ്ഞുകൊണ്ട് അല്ലാഹുവിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുകയാണ് ചെയ്തത്.

അവിടന്ന് ആഗ്രഹിച്ചിരുന്നുവെങ്കിൽ ഹദ്റത്ത് ഫാത്വിമയക്ക് വേലക്കാരനെ നല്കാമായിരുന്നു. കാരണം സമ്പത്ത് വിതരണം ചെയ്യാൻ നബി(സ)

## • കലാമുൽ ഇമാം •

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

തിരുമേനിയുടെ അടുത്താണ് കൊണ്ടുവന്നിരുന്നത്. അതാകട്ടെ സ്വഹാബാക്കൾക്ക് വിതരണം ചെയ്യാനാണ് കൊണ്ടുവന്നിരുന്നതും. അതിലാണെങ്കിൽ ഹദ്റത്ത് അലിക്കും പങ്കുണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമയ്ക്കും പങ്കുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനി വളരെ ജാഗ്രതയോടെയാണ് പ്രവർത്തിച്ചത്. ഈ സംസാരത്തിൽ തന്റെ ബന്ധുമിത്രാദികൾക്ക് കിട്ടണമെന്ന് നബി(സ)തിരുമേനി ആഗ്രഹിച്ചില്ല. കാരണം പിന്നീടു വരുന്നവർ അതിൽനിന്ന് മറ്റെന്തങ്കിലും അർഥമെടുക്കുകയും രാജാക്കന്മാർ പൊതുസമ്പത്ത് തങ്ങളുടെ അവകാശമായി ഗണിക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. പക്ഷേ, ദൗർഭാഗ്യരമെന്നു പറയട്ടെ, ഇന്ന് രാജാക്കന്മാർ അതും മുസ്‌ലിം രാജാക്കന്മാർ അത് തങ്ങളുടെ അവകാശമായി ഗണിക്കുന്നു. ഏതായാലും നബി(സ)തിരുമേനി ജാഗ്രതയോടെ പ്രവർത്തിച്ചുകൊണ്ട് വിതരണം ചെയ്യാൻ തന്റെയടുക്കൽ കൊണ്ടുവന്ന അടിമസ്ത്രീ പുരുഷന്മാരെ അവർക്ക് നല്കിയില്ല.

ഒരു കാര്യംകൂടി ശ്രദ്ധേയമാണ്. അല്ലാഹു ഈ സംസാരത്തിൽ നബി(സ)തിരുമേനിക്കും കുടുംബത്തിനും ഓഹരി നിശ്ചയിച്ചിട്ടുള്ളതാണ്. അതിൽനിന്നാണ് നബി(സ)ചെലവഴിച്ചിരുന്നത്. ബന്ധപ്പെട്ടവർക്ക് അതിൽനിന്ന് കൊടുത്തിരുന്നു. എന്നാൽ, തന്റെ വിഹിതമായി വരാത്തതിൽനിന്നൊരിക്കലും എടുത്തിരുന്നില്ല. തന്റെ ബന്ധുമിത്രാദികൾക്കും കൊടുത്തിരുന്നില്ല.

ഇത്രമാത്രം ബയ്ത്തുൽമാലിനെ സുരക്ഷിതമാക്കിയ വല്ല രാജാക്കന്മാരേയും ഭൗതിക ലോകത്തിന് കാണിച്ചുതരാൻ കഴിയുമോ? എന്തെങ്കിലും ഉദാഹരണമുണ്ടെങ്കിൽ അതും ആ പരിശുദ്ധാത്മാവിന്റെ സേവകരിൽമാത്രമെ കാണാൻ കഴിയു. മറ്റു മതങ്ങൾക്ക് അതിനു തത്തുല്യമായത് സമർപിക്കാൻ സാധ്യമല്ല.(സീറത്തുന്നബി(സ), അൻവാറുൽഉലൂം, വാള്യം 1, പേജ്544-545)

ഇൻശാഅല്ലാഹ് ബാക്കി പിന്നീടു വിവരിക്കുന്നതാണ്. ഇനി ഞാൻ വീണ്ടും ലോകത്തിന്റെ അവസ്ഥകളെ സംബന്ധിച്ച് ദുആയ്ക്ക് പറയാനാഗ്രഹിക്കുകയാണ്.

ഇപ്പോൾ പാശ്ചാത്യരാജ്യങ്ങൾ മാത്രമല്ല അമേരിക്കയിലെ ചില എഴുത്തുകാരും പകരം ചോദിക്കുന്നതിനും ഒരു പരിധിവേണമെന്നും അമേരിക്കയും പാശ്ചാത്യരാജ്യങ്ങളും ഹമാസ് -ഇസ്റാഈൽ യുദ്ധത്തിൽ തങ്ങളുടെ ഭാഗം നിർവഹിക്കണമെന്നും രഞ്ജിപ്പിനും യുദ്ധം അവസാനിപ്പിക്കുന്നതിനും ശ്രമിക്കണമെന്നും പത്രങ്ങളിലെഴുതിയിരിക്കുന്നു. തുടർന്നു പറയുന്നു:എന്നാൽ, ഇന്ന് യുദ്ധം ഇല്ലാതാക്കുന്നതിന് പകരം അത് ആളിക്കത്തിക്കാനാണ് ശ്രമിക്കുന്നത്. അതുപോലെ ഇന്നലത്തെ വാർത്തയിൽ ഇപ്പോൾ പരിധി വിട്ടിരിക്കുന്നുവെന്ന് പറഞ്ഞ് അമേരിക്കയിലെ വിദേശകാര്യവകുപ്പിലെ ഒരു ഓഫീസർ രാജിവെച്ചതായി വാർത്ത വന്നിരിക്കുന്നു. ഫലസ്ത്വീനി നിരപരാധികൾക്കുമേൽ വലിയ അക്രമമാണ് നടക്കുന്നത്. അവരെ വൻ ശക്തികൾ ശ്രദ്ധിക്കേണ്ടതാണ്. അവരിലും നല്ലയാളുകളുണ്ട്. അതുപോലെ ചില യഹൂദപുരോഹിതന്മാരും ഇവർക്കുവേണ്ടിയും അക്രമത്തിന്നെതിരേയും സംസാരിക്കുന്നു.

റഷ്യൻ വിദേശകാര്യമന്ത്രി പറയുന്നു:ഈ രാജ്യങ്ങൾ ഈ നിലപാടു തുടർന്നാൽ യുദ്ധം ആ പ്രദേശം മുഴുവൻ വ്യാപിക്കുന്നതാണ്. അതുകൊണ്ട് ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടതാണ്. ഞാൻ നേരത്തേയും പറഞ്ഞതുപോലെ മുസ്‌ലിം രാഷ്ട്രങ്ങളൊന്നിച്ച് ശബ്ദമുയർത്തണം. ലോകത്ത് 53,54 മുസ്‌ലിം രാഷ്ട്രങ്ങളുണ്ടെന്ന് പറയുന്നു. അവരൊന്നിച്ച് ശബ്ദമുയർത്തിയാൽ അതു വലിയ ശക്തിയായിരിക്കും. അതിന്റെ സ്വാധീനവുമുണ്ടാകും.

അല്ലാതെ ഒറ്റപ്പെട്ട ശബ്ദങ്ങൾ ഒരു പ്രഭാവവുമുണ്ടാക്കുന്നതല്ല. ഇതു മാത്രമാണ് ലോകത്ത് സമാധാനം സ്ഥാപിക്കാനും ഈ യുദ്ധം അവസാനിപ്പിക്കാനുമുള്ളത്. അതുകൊണ്ട് മുസ്‌ലിംരാജ്യങ്ങൾ ലോകത്ത് സമാധാനം സ്ഥാപിക്കാൻ തങ്ങളുടെ വലിയ പങ്ക് നിർവഹിക്കേണ്ടതാണ്.

അല്ലാഹു അതിനു അവർക്ക് തൗഫീഖുനല്കുമാറാകട്ടെ. ഏതായാലും നമ്മൾ ദുആയിൽ ശക്തിചെലുത്തുക. അല്ലാഹു ഈ യുദ്ധം അവസാനിപ്പിക്കുമാറാകട്ടെ. നിരപരാധികളും മർദ്ദിതരുമായ ഫലസ്ത്വീനികളെ സംരക്ഷിക്കുമാറാകട്ടെ. അവർക്കെതിരിൽ അക്രമം വർധിപ്പിക്കാതിരിക്കുമാറാകട്ടെ. ലോകത്ത് എവിടെയുള്ള അക്രമവും അവസാനിക്കുമാറാകട്ടെ. അല്ലാഹു നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

---

**(പേജ് 1 ൽനിന്ന്)**

എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: അബ്ദൻ മ്മിൻഇബാദിനാ: വിശുദ്ധ ഖുർആനിൽ നബി(സ)തിരുമേനിയെ *അബ്ദൻ* എന്ന പദംകൊണ്ട് സ്മരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുൽജിന്നിൽ അല്ലാഹു പറയുന്നു: വ അന്നഹൂ ലമ്മാ ഖാമ അബ്ദുല്ലാഹി യദ്ഊഹു കാദൂ യകൂനൂന അലയ്ഹി ലിബദാ (72:20)

അവിടന്ന് നമസ്കാരത്തിനുവേണ്ടി നിൽക്കുമ്പോൾ ആളുകൾ അദ്ദേഹത്തിനുമേൽ കൂട്ടംകൂടി ചാടി വീഴാറാകുന്നു. സ്വൂഫി വര്യന്മാർ എത്രത്തോളം ചർച്ച ചെയ്തിട്ടുണ്ടെന്നാൽ, അബ്ദിന്റെ സ്ഥാനം എല്ലാ പദവികളെക്കാളും വലിയപദവിയും ഉന്നത സ്ഥാനവുമാണ്. നബി(സ)തിരുമേനിയല്ലാതെ ഒരാളും സമ്പൂർണ അബദായിട്ടില്ല. ആത്തയ്നാഹു റഹ്മത്തൻമ്മിൻ ഇൻദിനാ എന്നതിലും ആ മഹാത്മാവ് തന്നെയാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽആലമീൻ(21:108) അതായത് നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത് എന്നു പറഞ്ഞതുപോലെ. അല്ലംനാഹു മിൻല്ലദുന്നാ ഇൽമൻ മുമ്പേയുള്ള ആർക്കും കിട്ടിയിട്ടില്ലാത്ത പ്രത്യേക അറിവ് അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു:വ അല്ലമക്ക മാലം തകുൻ തഅ്‌ലമു വകാന ഫള്‌ലുല്ലാഹി അലയ്ക്ക അള്വീമൻ(4:114). അല്ലയോ റസൂലേ!നീ അറിയാതിരുന്നത് നാം നിനക്ക് പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു. നിന്നിൽ ഇതുമുഖേന വളരെ വലിയ അനുഗ്രഹം ചെയ്തിരിക്കുന്നു. ഇപ്രകാരംതന്നെ പറയുന്നു:വ ഉല്ലിംത്തും മ്മാലം തഅ്‌ലമൂ അൻതും വലാ ആബാഉക്കും(6:92) അതായത് ഈ നബി മുഖേന ഇതിനു മുമ്പേ ആർക്കും നല്കപ്പെട്ടിട്ടില്ലാത്ത അറിവ് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു. മുമ്പേയുള്ളവരിൽ മൂസായും ഈസായും അടങ്ങിയിരിക്കുന്നു. ഇപ്രകാരം തന്നെ അല്ലാഹു പറയുന്നു:വ ഇന്നക്ക ലതുലഖൽ ഖുർആന മിൻല്ലദുൻ ഹക്കീമിൻ അലീമിൻ(27:7)തീർച്ചയായും യുക്തിജ്ഞനും സർവജ്ഞനുമായ അല്ലാഹുവിൽനിന്ന് ഈ ഖുർആൻ നിനക്ക് പഠിപ്പിക്കപ്പെടുന്നു. ഇപ്രകാരം നബി(സ)തിരുമേനിക്ക് ദുആ പഠിപ്പിക്കപ്പെട്ടു, ഖുൽർറബ്ബി സിദ്നീ ഇൽമാ(20:115) അതായത് ഏ മുഹമ്മദേ! നീ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുക ഇലാഹീ! എന്റെ അറിവ് ഇനിയും വർധിപ്പിച്ചാലും. എന്റെ അറിവ് ഇനിയും വർധിപ്പിച്ചാലും. (തഫ്സീറെ കബീർ വാള്യം 4, പേജ് 476, പ്രസാധനം 2010 ഖാദിയാൻ)

---

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:


**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ഹോളണ്ട് പര്യടനം(ഒക്ടോബർ 2015)

**റിപ്പോർട്ട്: അബ്ദുൽ മജീദ് ത്വാഹിർ** **വിവ: മൗലവി അമീൻ സാഹിബ്, മാത്ര**

**ലക്കം 44-45, പേജ് 11, കോളം 3-ൽ നിന്ന് തുടർച്ച**

**ഹുദൂറിന്റെ ഹോളണ്ട് പാർലമെന്റ് പ്രഭാഷണം**

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ

ആദരണീയരായ എല്ലാ അതിഥികളോടും, നിങ്ങളെല്ലാവരുടേയുംമേൽ സർവശക്തനായ അല്ലാഹുവിന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ. ഈ പരിപാടി സംഘടിപ്പിക്കുകയും എന്നെ പ്രസംഗിക്കാൻ ക്ഷണിക്കുകയും ചെയ്തവർക്ക് ഹൃദയംനിറഞ്ഞ നന്ദി ഞാൻ ആദ്യം രേഖപ്പെടുത്തുകയാണ്.

ചില സവിശേഷതരത്തിലുള്ള പ്രശ്നങ്ങൾ തുടർച്ചയായി ഇക്കാലഘട്ടത്തിലെ മുഖ്യ പ്രശ്നങ്ങളെന്ന നിലയിൽ അവതരിപ്പിക്കപ്പെടുന്നു. ഉദാഹരണമായി ചിലർ ആഗോള താപനം, കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭീഷണികളെ ശക്തമായി അവതരിപ്പിക്കുന്നു. ചില സവിശേഷതരത്തിലുള്ള തർക്കങ്ങളുടെ ആധിക്യത്തേയും ലോകത്തിന്റെ ഗുരുതരമായ അവസ്ഥ കാരണത്താലും വളരെ അസ്വസ്ഥരായിട്ടുള്ള ചിലരുമുണ്ട്. പക്ഷംപിടിക്കാതെ ഈ സാഹചര്യങ്ങളെക്കുറിച്ച് നമ്മൾ വിലയിരുത്തിയാൽ വർത്തമാന ലോകത്തിന്റെ സമാധാനവും അതിന്റെ സുരക്ഷയും വളരെ അടിയന്തര പ്രശ്നമാണെന്ന് മനസ്സിലാകും. ലോകം ദൈനംദിനം അസ്ഥിരതയാലും അപകടകരമായ സാഹചര്യങ്ങളാലും വേട്ടയാടപ്പെടുന്നു. ഇതിനെ സുസാധ്യമാക്കിയ ചില കാരണങ്ങളുണ്ട്. ഉദാഹരണമായി സാമ്പത്തിക തകർച്ചയും അസ്ഥിരതയും ലോകത്തിന്റെ മിക്ക പ്രദേശങ്ങളേയും ബാധിച്ചു. ഇതൊരു വലിയ കാരണമാകാം. മറ്റൊരു സുസാധ്യമാക്കിയ അടിസ്ഥാന കാരണം ചില ഭൗതികരായ നേതാക്കളുടെ ഭാഗത്തുനിന്നും സ്വന്തം ജനതകളോടും മറ്റു ജനതകളോടും ചെയ്യുന്ന അനീതിപരമായ പെരുമാറ്റങ്ങളാണ്. ചില മതനേതാക്കൾ സ്വാർഥതാൽപര്യങ്ങൾക്ക് വിശാലമായ സാമൂഹിക താൽപര്യങ്ങളെക്കാൾ പ്രാധാന്യം നൽകുന്നതും ഒരു കാരണമാകാവുന്നതാണ്. ശുദ്ധമായ നിശ്ചയത്തോടെ സ്വന്തം ഉത്തരവാദിത്വങ്ങൾ അവർ നിർവഹിക്കുന്നില്ല. കൂടാതെ അന്തർദേശീയ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഈ തർക്കങ്ങളുടെ ഒരു പ്രധാന കാരണം സമ്പന്ന, ദരിദ്ര രാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന അസമത്വവും ആകാവുന്നതാണ്. വൻശക്തികൾ അതിദരിദ്ര രാജ്യങ്ങളുടേയും പ്രകൃതിവിഭവങ്ങളിൽനിന്ന് അവർക്കു ലഭിക്കേണ്ട അനുവദനീയമായ ഭാഗംപോലും കൊടുക്കാതെ ചൂഷണം ചെയ്യുന്നതാണ് കണ്ടു വരുന്നത്.


ലോകത്തെ അസമാധാനത്തിലാക്കുന്ന കാരണങ്ങളാകാവുന്ന ഒരു നീണ്ട പട്ടികയിൽനിന്ന് ചിലത് ഞാൻ ഇവിടെ വിശദമാക്കിയതാണ്. കാരണങ്ങൾ എന്തൊക്കെയായാലും ഇക്കാലഘട്ടത്തിലെ ഏറ്റവും അപകടകരമായ പ്രശ്നം ലോകത്തെ ബാധിച്ചിരിക്കുന്ന അസമാധാനമാണ്. ഇത് കേൾക്കുമ്പോൾ ഇന്ന് ഏറ്റവുമധികം അസ്ഥിരത മുസ്‌ലിം രാജ്യങ്ങളിൽത്തന്നെയാണെന്ന് നിങ്ങളിൽ അധികപേരും പറയും. മുസ്‌ലിം സുഹൃത്തിൽ നിലനിൽക്കുന്ന കുഴപ്പംതന്നെയാണ് ലോകത്തുണ്ടാകുന്ന അസമാധാനത്തിന്റെ മൂല കാരണം. മുസ്‌ലിമീങ്ങളുടെ ഒരു വിഭാഗമായ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവനായതുകൊണ്ട് ഞാനും ഏതെങ്കിലും വിധത്തിൽ ഇതിന് ഉത്തരവാദിയാണെന്ന് ഒരുപക്ഷേ, നിങ്ങൾ വിചാരിച്ചേക്കും. തീവ്രവാദ വിഭാഗങ്ങളെ സൃഷ്ടിക്കലും തീവ്രവാദത്തിന്റെ ആധിക്യവും യഥാർഥത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങളുടെ സ്വാധീനഫലമാണെന്നും ഒരുപക്ഷേ, ദൃഢമായും നിങ്ങൾ വിശ്വസിച്ചേക്കും. എന്നാൽ, ഈ വെറുപ്പിനോടും തീവ്രവാദത്തോടും ഇസ്‌ലാമിനെ ബന്ധിപ്പിക്കൽ തികച്ചും നീതിക്കുനിരക്കാത്തതാണ്.

ഈ സമയത്ത് മതങ്ങളുടെ വിശദമായ ചരിത്രത്തിലേക്ക് പോകേണ്ട ആവശ്യമില്ല. എന്നാൽ, ഇങ്ങനെ പറയാവുന്നതാണ്; മതങ്ങളുടെ ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ ഓരോ മതാനുയായിയും കാലത്തിന്റെ കുത്തൊഴുക്കിൽ യഥാർഥ അധ്യാപനത്തിൽനിന്നു അകന്നു പോയതായി മനസ്സിലാകും. ഇതു ആഭ്യന്തരമായ ഭിന്നതയിലേക്കും ബാഹ്യമായ തർക്കവിതർക്കങ്ങളിലേക്കും നയിച്ചു. ജനങ്ങൾ കൊലചെയ്യപ്പെടുകയും അതിക്രമങ്ങൾ നടക്കുകയും ചെയ്തു. അതുകൊണ്ട് ഇക്കാര്യങ്ങളെ തുറന്ന ഹൃദയത്തോടെയാണ് ഞാനംഗീകരിക്കുന്നത്. മുസ്‌ലിമീങ്ങളും കാലത്തിന്റെ കുത്തൊഴുക്കിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്നു അകന്നുപോയി. അതു കാരണത്താൽ നിരാശയും ശത്രുതയും ജന്മമെടുത്തു. ഇതു പിന്നീട് ഗ്രൂപ്പിസത്തിലേക്കും മനുഷ്യക്കുരുതിയിലേക്കും കൊലപാതകത്തിലേക്കും നീതി നിഷേധത്തിലേക്കും നയിച്ചു. എന്നിരുന്നാലും ഒരു യഥാർഥ മുസ്‌ലിമിന്റെ വീക്ഷണത്തിൽ ഇന്നത്തെ ഇസ്‌ലാമിന്റെ നിന്ദ്യാവസ്ഥ കാണുമ്പോൾ എന്റെ വിശ്വാസത്തിൽ ഒരു കുറവുംവന്നിട്ടില്ല. കാരണം, ഇന്നത്തേതിൽനിന്നു ഏകദേശം 1400 വർഷങ്ങൾക്കുമുമ്പേ ഇസ്‌ലാം മതസ്ഥാപകർ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)ദീർഘദർശനം നടത്തിയിരുന്നു; മെല്ലെ മെല്ലെ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പ്രവർത്തനത്തിൽ ഇല്ലാതാവുമെന്നും മുസ്‌ലിമീങ്ങൾ സ്വഭാവരംഗത്ത് അടിപതറുന്ന കാലത്തിൽ പ്രവേശിക്കുമെന്നും അവിടന്ന് (സ)താക്കീതു ചെയ്തു. ആത്മീയാന്ധകാരത്തിന്റെ ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വാഗ്ദത്ത മഹ്ദിയും മസീഹും എന്ന നിലയിൽ ഒരു പരിഷ്കർത്താവ് നിയോഗിതനാകുമെന്ന സുവാർത്തയും നബി(സ)തിരുമേനി നൽകിയിരുന്നു; മനുഷ്യകുലത്തെ ഇസ്‌ലാമിന്റെ യഥാർഥവും സമാധാന പൂരിതവുമായ അധ്യാപനങ്ങളിലേക്ക് അദ്ദേഹം വഴിനടത്തും. നബി(സ)തിരുമേനിയുടെ ദീർഘദർശനമനുസരിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ നമുക്ക് ഇസ്‌ലാമിന്റെ യഥാർഥവും സമാധാനപൂരിതവുമായ അധ്യാപനങ്ങളിലേക്ക് വെളിച്ചം വീശി തന്നു. ഞങ്ങൾ അഹ്മദീമുസ്‌ലിമീങ്ങൾ ഇന്നത്തെ കുഴപ്പങ്ങളും അസമാധാനവും സൃഷ്ടിക്കുന്നവരിൽപ്പെട്ടവരല്ല. ലോകത്ത് സമാധാനം ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ലോകത്തിനുണ്ടായിട്ടുള്ള മുറിവുകൾ സുഖപ്പെടുത്താൻ ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. മനുഷ്യകുലത്തെ ഐക്യപ്പെടുത്താനാഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ഓരോ വെറുപ്പിനേയും വിദ്വേഷത്തേയും ശത്രുതയേയും സ്നേഹത്തിലേക്ക് പരിവർത്തനപ്പെടുത്താൻ ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. സർവ്വോപരി ലോകത്ത് സമാധാനസ്ഥാപനം സാധ്യമാക്കുന്ന ഓരോ ശ്രമവും ഞങ്ങൾ നടത്തുന്നു.

പരസ്പരം ആക്ഷേപങ്ങളുന്നയിക്കാനും ജനങ്ങൾക്കിടയിൽ വിദ്വേഷം വളർത്തുന്നതിനും പകരം ലോകത്ത് യഥാർഥവും സുസ്ഥിരവുമായ സമാധാന സ്ഥാപനത്തിനുവേണ്ടി നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് ഒരു മത നേതാവെന്ന നിലയിൽ ഞാൻ പറയാനാഗ്രഹിക്കുന്നത്. ഇതു വിഷയകമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഒരു സുപ്രധാനമായ അടിസ്ഥാനകാര്യം നമുക്ക് വിവരിച്ചു തന്നിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു: മനുഷ്യകുലം തങ്ങളുടെ ശ്രേഷ്ഠതരമായ കഴിവുകളെ പ്രവർത്തിപഥത്തിൽകൊണ്ടുവന്ന് ഉന്നതനായ ദൈവത്തിന്റെ ഗുണഗണങ്ങളെ സ്വായത്തമാക്കൽ സമാധാന സംസ്ഥാപനത്തിന് അനിവാര്യമാണ്. മനുഷ്യകുലത്തിന്റെ സ്ഥായിയായ വിജയത്തിന് ഈയൊരു മാർഗമേയുള്ളൂ. മനുഷ്യകുലത്തിന്റെ വിജയവും ശ്രേയസ്സും രണ്ടു വിധത്തിൽ ദൈവത്തിന്റെ ഗുണഗണങ്ങളെ സ്വായത്തമാക്കുന്നതുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതായത് ആത്മീയവും ഭൗതികവുമായ വിധത്തിൽ! കാരണം, ദൈവത്തിന്റെ ഗുണഗണങ്ങൾകൊണ്ടുതന്നെയാണ് യഥാർഥ സമാധാനം ജന്മമെടുക്കുന്നത്. ഇക്കാര്യം വിശുദ്ധ ഖുർആനിന്റെ ആദ്യ അധ്യായത്തിൽത്തന്നെ വിശദമാക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു: അവൻ സർവ ലോകത്തിന്റേയും പരിപാലകനാണ്. അതായത്, ഓരോ വ്യക്തിയുടേയും ഓരോ തരത്തിലുമുള്ള സൃഷ്ടിയുടേയും നേതാവും സംരക്ഷകനും പരിപാലകനും അവനാണ്. അവൻ കേവലം മുസ്‌ലിമീങ്ങളുടെ മാത്രം ദൈവമല്ല. പ്രത്യുത ക്രൈസ്തവരുടേയും യഹൂദരുടേയും ഹൈന്ദവരുടേയും അവർ ഏതു

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)

tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

മതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെ ന്ന വിവേചനമില്ലാതെ സർവ ജനതകളുടേയും ദൈവമാണ് അവൻ. ദൈവത്തിന് തന്റെ സൃഷ്ടികളുമായുള്ള ബന്ധം നിസ്തുലവും വ്യതിരിക്തവുമായ സ്നേഹവും അനുകമ്പയും നിറഞ്ഞതാണ്. അവൻ ഉപാധികൂടാതെ അനുഗ്രഹം ചെയ്യുന്നവനും അധ്വാനിക്കുന്നവർക്ക് അതനുസരിച്ച് പ്രതിഫലം വെളിപ്പെടുത്തുന്നവനുമാണ്. സമാധാനത്തിന്റെ ഉറവിടമാണ് അവൻ. ഉന്നതനായ ദൈവത്തിന്റെ ഗുണഗണങ്ങളെ സ്വായത്തമാക്കാൻ ശ്രമിക്കേണ്ടുന്ന ഒരു സത്യമുസ്‌ലിം മറ്റുള്ളവർക്ക് പ്രയാസമുണ്ടാക്കുക എന്നത് അസംഭാവ്യമാണ്. പ്രത്യുത, ഒരു സത്യസന്ധനായ മുസ്‌ലിമിന്റെ വിശ്വാസം മനുഷ്യകുലത്തിനെ സ്നേഹിക്കാനും ആദരിക്കാനും ദയാപുരസ്സരമുള്ള പെരുമാറ്റം നിലനിറുത്താനും അവനെ നിർബന്ധിതനാക്കുന്നു.

ഇസ്‌ലാം സമാധാനത്തിന്റെ മതമാണെങ്കിൽ പ്പിന്നെ യുദ്ധം ചെയ്യാനുള്ള അനുമതി വിശുദ്ധ ഖുർആനെന്തിനു നല്കി എന്ന ചോദ്യം അധിക പേരും ചോദിക്കാറുണ്ട്. എന്നാൽ, ഞാനിപ്പോൾ വിവരിച്ചതിന്റെ വെളിച്ചത്തിൽ നല്കപ്പെട്ട ഈ അനുവാദത്തിന്റെ പിന്നിലെ യഥാർഥ പ്രേരക ഘടകങ്ങളെ ന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. സ്ഥായിയായ സമാധാന സ്ഥാപനത്തിന്റെ മൂല്യവും നിലയും വിലയും വളരെ കൂടുതലാണ്. ചിലയവസരങ്ങളിൽ സ്ഥായിയായ സമാധാന സ്ഥാപനത്തെ സുനിശ്ചിതമാക്കുന്നതിനുവേണ്ടി ശിക്ഷകളും താക്കീതുകളും അത് അനിവാര്യമാക്കുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്ന് യുദ്ധംചെയ്യാനുള്ള അനുമതി നല്കപ്പെട്ടതും കേവലം സമാധാന സ്ഥാപനത്തിനും പ്രതിരോധത്തിനുംവേണ്ടിയാണെന്ന് സാരം.

ചില സമൂഹമോ വിഭാഗമോ വിശുദ്ധ ഖുർആനിന്റേയും തിരുനബിയുടേയും തിരുനാമത്തെ കുഴപ്പവുമായും ഛിദ്രതയുമായും ബന്ധിപ്പിക്കുന്നത് വളരെ വലിയ അനീതിയാണ്. വിശുദ്ധ ഖുർആനിന്റേയും തിരുനബിയുടേയും പക്ഷപാതരഹിതമായ ചരിത്ര വായന ഏതുതരം തീവ്രവാദത്തിനും രക്തച്ചൊരിച്ചിലിനും ഇസ്‌ലാം എതിരാണെന്ന അറിവു നമുക്ക് നല്കുന്നതാണ്. സമയക്കുറവു കാരണത്താൽ ഇതു വിഷയകമായി വിശദീകരിച്ച വിവരണം എനിക്ക് അസാധ്യമാണ്. എന്നിരുന്നാലും ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് വിശദമായി സ്ഥാപിക്കുന്ന ചില സുപ്രധാന അധ്യാപനങ്ങൾ ഞാൻ വിവരിക്കുന്നതായിരിക്കും.

ഇസ്‌ലാമികാധ്യാപനങ്ങളെ സംബന്ധിച്ചുള്ള ചില അടിസ്ഥാനപരമായ വിമർശനങ്ങളെ കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചു. അതിലൊന്ന് ഇസ്‌ലാം തീവ്രവാദത്തേയും യുദ്ധത്തേയും പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. എന്നാലിതിൽ ഒരുവിധ സത്യവുമില്ലെന്നതാണ് വസ്തുത. പ്രതിരോധത്തിനുവേണ്ടി മാത്രമേ യുദ്ധം ചെയ്യാനുള്ള അനുമതിയുള്ളുവെന്നാണ് വിശുദ്ധ ഖുർആൻ രണ്ടാം അധ്യായത്തിലെ 191-ാം വചനത്തിൽ അല്ലാഹു പറയുന്നത്. വിശുദ്ധ ഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിലെ 40-ാം വചനം വിശദമായ നിലയിൽ ഈ വിഷയം ആവർത്തിക്കുന്നുണ്ട്. അത് പറയുന്നു:യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്കുമാത്രം യുദ്ധം ചെയ്യാൻ അനുമതി നല്കപ്പെടുന്നു. മുസ്‌ലിം ഭരണകൂടങ്ങൾക്ക് യുദ്ധത്തിനുള്ള അനുമതി കേവലം മതത്തിന്റേയും വിശ്വാസത്തിന്റേയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാണ്. രണ്ടാം അധ്യായത്തിലെ 194-ാം വചനത്തിൽ അല്ലാഹു പറയുന്നു: ഒരു മുസ്‌ലിം വിഭാഗത്തിനും രാജ്യത്തിനും വ്യക്തിക്കും ഇതര ഭരണകൂടത്തിനോ വ്യക്തികൾക്കോ എതിരിൽ യുദ്ധമോ കുഴപ്പമോ അസമാധാനമോ ഉണ്ടാക്കാൻ പാടില്ല. യൂറോപ്യൻരാജ്യങ്ങളും പാശ്ചാത്യരാജ്യങ്ങളും സെക്യൂലർ ഭരണകൂടങ്ങളാണെന്നുള്ളത് ഒരു സാധാരണ കാര്യമാണ്. രാഷ്ട്രനിയമങ്ങൾ ലംഘിക്കലോ ഭരണകൂടത്തിനെതിരിൽ കുഴപ്പങ്ങൾ സൃഷ്ടിക്കലോ നിയമലംഘനം നടത്തലോ ആയുധമെടുക്കലോ ഒരു മുസ്‌ലിമിനും സ്വീകരിക്കാൻ പാടില്ലാത്ത കാര്യമാണ്.

ഏതെങ്കിലും വ്യക്തിക്ക് അമുസ്‌ലിം ഭരണകൂടത്തിൽ താമസിച്ചുകൊണ്ട് മതസ്വാതന്ത്ര്യമില്ലെന്ന് തോന്നുന്നുണ്ടെങ്കിൽ ഒരു രൂപത്തിലും നിയമത്തിനെതിരിൽപ്രവർത്തിക്കാനുള്ള വഴി സ്വീകരിക്കാൻ അനുവാദമില്ല. പ്രത്യുത, അത്തരം വ്യക്തികൾ പ്രസ്തുത നാടുപേക്ഷിച്ച് തങ്ങൾക്ക് കൂടുതൽ സൗകര്യമുള്ള നാട്ടിൽ പോകുകയാണ് വേണ്ടത്.

വിശുദ്ധ ഖുർആനിൽ് നഹ്ൽ എന്ന അധ്യായത്തിന്റെ 126-ാം വചനത്തിൽ മുസ്‌ലിം ഭരണകൂടങ്ങൾക്ക് താക്കീതുണ്ട്: ആക്രമിക്കപ്പെട്ടാൽ പ്രതിരോധിക്കാൻവേണ്ടിമാത്രം യുദ്ധം ചെയ്യുക. ഇത് പ്രതിരോധം ചെയ്യപ്പെട്ട ആക്രമണത്തോടു താദാത്മ്യം പ്രാപിക്കുന്നതാകണം. ശിക്ഷ ചെയ്യപ്പെട്ട കുറ്റത്തിന്റെ തരത്തിന് അനുസരിച്ചായിരിക്കണമെന്ന സുവ്യക്തമായ അധ്യാപനം ഇതു വിഷയകമായി വിശുദ്ധ ഖുർആൻ നൽകുന്നു.

അൻഫാൽ അധ്യായത്തിന്റെ 62-ാം വചനത്തിൽ അല്ലാഹു പറയുന്നു: നിങ്ങളുടെ എതിരാളികൾ തെറ്റായ ഉദ്ദേശ്യം വെച്ചുപുലർത്തുകയും നിങ്ങൾക്ക് നഷ്ടംവരുത്തുന്നതിൽ ഉറച്ചു നിൽക്കുകയും പിന്നീട് പ്രസ്തുത കൃത്യത്തിൽനിന്നു വിട്ടു നിൽക്കുകയും ചെയ്താൽ സമചിത്തതയുടെ വഴി സ്വീകരിക്കുക. അവരുടെ ഉദ്ദേശ്യത്തിലേക്ക് നോക്കാതെ സത്വരം അവരുടെ നീക്കത്തെ ആദരിക്കേണ്ടതാണ്. സമാധാനത്തിലേക്ക് ചായ്‌വ് പുലർത്തുന്ന തിരുമാനത്തിലേക്ക് മുന്നേറേണ്ടതാണ്. വിശുദ്ധ ഖുർആൻ സമർപിക്കുന്ന ഈ മൂലസിദ്ധാന്തങ്ങൾ അന്തർദേശീയ തലത്തിൽ ശാന്തിയും സുരക്ഷിതത്വവും പുലരുന്നതിനുള്ള ജാമ്യമാണ്.

ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. ശത്രുത ഭയന്നുകൊണ്ടുമാത്രം വളരെ പ്രതിലോമകരമായ നയങ്ങൾ മറ്റുള്ളവരോട് സ്വീകരിക്കുന്ന രാജ്യങ്ങൾ ഉദാഹരണമാണ്. എതിരാളികൾ പ്രസ്തുത നയങ്ങളനുസരിച്ച് പ്രവർത്തിച്ച് നമ്മെ നശിപ്പിക്കുന്നതിനു മുമ്പേ നാമവരെ നശിപ്പിക്കുന്നതാണ് നല്ലതെന്ന ബോധ്യമാണ് ഇവർ വെച്ചു പുലർത്തുന്നത്. എന്നിരുന്നാലും ഇസ്‌ലാം കൽപ്പിക്കുന്നത് സമാധാന സ്ഥാപനത്തിനുള്ള ഒരു ശ്രമവും പാഴാക്കരുതെന്നാണ്. അത് കേവലം പ്രതീക്ഷയുടെ വളരെ ലഘുവായ നിലയിലാണെങ്കിൽപോലും അതിനെ കൈയൊഴിയരുത്.

മാഇദ അധ്യായത്തിലെ 9-ാം വചനത്തിൽ അല്ലാഹു പറയുന്നു:ഒരു ജനതയ്ക്ക് നിങ്ങളോടുള്ള ശത്രുത അവരോട് അനീതി ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. എത്രയധികം വിപരീത സാഹചര്യങ്ങളുണ്ടായാലും ശരി ഏത് സാഹചര്യത്തിലും നീതിയുടെ അടിസ്ഥാന തത്ത്വങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. യുദ്ധസാഹചര്യങ്ങളിൽ പോലും നീതിക്ക് വളരെയധികം പ്രാധാന്യമുണ്ട്. യുദ്ധം അവസാനിക്കുമ്പോൾ വിജയം കരസ്ഥമാക്കുന്ന കക്ഷി നീതിയിൽ അടിയുറച്ചു നില്ക്കുകയെന്നത് അനിവാര്യമാണ്.

എന്നാൽ, ഇക്കാലഘട്ടത്തിൽ അത്തരത്തിലുള്ള ഉന്നതമായ സ്വഭാവ വൈശിഷ്ട്യങ്ങളോ മൂല്യങ്ങളോ നമുക്ക് ദൃശ്യമാകുന്നില്ല. എന്നല്ല, യുദ്ധം അവസാനിക്കുന്നതോടെ രാജ്യങ്ങൾ ഉപരോധങ്ങളും പ്രതിബന്ധങ്ങളും കൂടുതലേർപ്പെടുത്തി പരാജയപ്പെട്ട സമൂഹങ്ങളുടെ പുരോഗതിയുടെ വഴികൾ പരിമിതപ്പെടുത്തുന്നു. അവർക്ക് യഥാർഥ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ഇത്തരത്തിലുള്ള നയങ്ങൾ അന്തർദേശീയ ബന്ധങ്ങളെ മോശമായി ബാധിക്കുകയും അതിൽ നിഷേധാത്മക സ്വാധീനമിടുകയുംചെയ്യുന്നു. ഇതുകേവലം അസ്വസ്ഥത വർധിപ്പിക്കുക മാത്രമാണ് ചെയ്യുക.

സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നീതി സുസ്ഥിരമാകുന്നതുവരെ സ്ഥായിയായ സമാധാനം ഒരു വിധത്തിലും കരസ്ഥമാകുകയില്ല. മുസ്‌ലിമീങ്ങൾക്ക് യുദ്ധ സാഹചര്യത്തിലല്ലാതെയും തടവുകാരെ സൃഷ്ടിക്കാൻ അനുമതിയില്ലെന്ന സുപ്രധാന അധ്യാപനം ഇസ്‌ലാം നൽകുന്നതായി വിശുദ്ധ ഖുർആനിലെ അൻഫാൽ അധ്യായത്തിലെ 68-ാം വചനത്തിൽ അല്ലാഹു വിവരിക്കുന്നു. തീവ്രവാദ വിഭാഗങ്ങൾ കാരണമൊന്നുമില്ലാതെ ബന്ദികളാക്കുന്നത് ഇസ്‌ലാമികാധ്യാപനത്തിന് തികച്ചും വിരുദ്ധമായ പ്രവർത്തിയാണ്. റിപ്പോർട്ടുകളനുസരിച്ച് ഇവർ ബന്ദികളാക്കുക മാത്രമല്ല ചെയ്യുന്നത്, നീചമായ അക്രമങ്ങളും അവരോടു ചെയ്യുന്നു. തീവ്രവാദികൾ അനുവർത്തിക്കുന്ന ഈ കൊടുംക്രൂരതകളെ കഠിനമായ വാക്കുകളിൽ അപലപിക്കാനേ സാധിക്കുകയുള്ളു.

ഇത്തരം സാഹചര്യങ്ങളിൽ അനുവദനീയമായ രീതിയിൽ ബന്ദികളാക്കപ്പെട്ടാലും സാധ്യമാകുന്നിടത്തോളം അവരോടു ഔദാര്യം കാണിച്ചുകൊണ്ട് അവരെ സ്വതന്ത്രമാക്കുന്നതാണ് ഉത്തമമെന്ന ഉപദേശമാണ് വിശുദ്ധ ഖുർആൻ മറുഭാഗത്ത് നൽകുന്നത്.

സമാധാന സ്ഥാപനത്തിനുവേണ്ടിയുള്ള ഒരു സുവർണ തത്ത്വം വിശുദ്ധ ഖുർആനിലെ ഹുജ്റാത്ത് എന്ന അധ്യായത്തിലെ 10-ാം വചനം നല്കുന്നു:സമൂഹങ്ങളിലോ വിഭാഗങ്ങളിലോ തർക്കവിതർക്കങ്ങളു ണ്ടായാൽ മൂന്നാമതൊരാൾ മധ്യസ്ഥം വഹിക്കാൻ ശ്രമിക്കേണ്ടതാണ്. പ്രശ്നത്തെ സമാധാന പൂർവം പരിഹരിക്കുന്നതിൽ തന്റെ പങ്ക് നിർവഹിക്കേണ്ടതാണ്. ഉടമ്പ

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ടിയുണ്ടാക്കുന്ന പക്ഷം ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ അന്യായമായി സമ്മർദ്ദത്തിലാക്കാനോ ഉടമ്പടിക്ക് വിരുദ്ധമായി പ്രവർത്തിക്കാനോ ശ്രമിച്ചാലും മറ്റുള്ളവർ ഏകോപിച്ചുകൊണ്ട് അക്രമിയുടെ കൈ തടയേണ്ടതാണ്. ആവശ്യം വന്നാൽ അതിനുവേണ്ടി ബലപ്രയോഗം നടത്തുന്നതിൽനിന്നുപോലും പിന്മാറരുത്. എന്നാൽ, അക്രമി രാജ്യം സ്വന്തം തീരുമാനത്തെ ഉപേക്ഷിച്ചാൽപ്പിന്നെ അവരെ അപമാനിക്കരുത്. അനുവദനീയമല്ലാത്ത ഉപരോധങ്ങൾ അവരുടെമേൽ ചുമത്തുകയുമരുത്. എന്നു മാത്രമല്ല, സ്വതന്ത്രജനത എന്ന നിലയിലും സമൂഹമെന്ന നിലയിലും മുന്നേറാനുള്ള സാഹചര്യം അവർക്ക് നല്കേണ്ടതുമാണ്. ഇന്നത്തെ ലോകത്തിന് ഈ തത്ത്വം വളരെ പ്രാധാന്യമുള്ളതാണ്. വിശിഷ്യാ, വൻശക്തികളും യു.എന്നിനെ പോലുള്ള അന്തർദേശീയ സ്ഥാപനങ്ങളും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

ലോകത്ത് സമാധാന സംസ്ഥാപനവുമായി ബന്ധപ്പെട്ട് അന്തർദേശീയ തലത്തിൽ മതസ്വാതന്ത്ര്യത്തെ സുദൃഢമാക്കുന്ന വളരെ സുപ്രധാനമായൊരു തത്ത്വം വിശുദ്ധ ഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനം വിശദീകരിക്കുന്നു: അല്ലാഹു യുദ്ധത്തിന് അനുമതി നൽകിയില്ലായിരുന്നെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും എല്ലാ ആരാധനാലയങ്ങളും തകർക്കപ്പെടുമായിരുന്നു. അല്ലാഹു ബലപ്രയോഗത്തിന് അനുമതി നല്കിയത് ഇസ്‌ലാമിന്റെ സംരക്ഷണം ലാക്കാക്കി മാത്രമല്ല, പ്രത്യുത മതത്തിന്റെ സംരക്ഷണത്തിനും വേണ്ടിയുമാണ്.

എല്ലാ മതസ്ഥരുടേയും സ്വാതന്ത്ര്യത്തിനും സുരക്ഷയ്ക്കും ഇസ് ജാമ്യം നല്കുന്നു എന്നതാണ് സത്യം. ഏതു മാർഗത്തിന്റേയോ മതത്തിന്റേയോ അനുയായി ആയാലും അവരുടെ ഈ അവകാശം ഇസ്‌ലാം പരിപാലിക്കുന്നു. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ലോകത്തിന്റെ ഓരോ ഭാഗത്തും ഐക്യം സ്ഥാപിക്കുന്നതിന് നിദാനമാകുന്ന വിശുദ്ധ ഖുർആനിലെ ഏതാനും ചില കാര്യങ്ങൾ മാത്രമാണ് ഞാൻ നിങ്ങളുടെ മുമ്പിൽ വിവരിച്ചത്. സമാധാന സ്ഥാപനത്തിനുതകുന്ന സുവർണ്ണ തത്ത്വങ്ങളാണ് ലോകർക്ക് വിശുദ്ധ ഖുർആൻ ഇതിലൂടെ സമർപിക്കുന്നത്. നബി(സ)തിരുമേനിയും തിരുസഖാക്കളും (റ) യഥാർഥ രൂപത്തിൽ ചെയ്തു കാണിച്ച അധ്യാപനങ്ങളാണിത്.

ഒടുവിൽ ഒരിക്കൽക്കൂടി ഞാൻ ആവർത്തിക്കുകയാണ്. ലോകത്തിന് ശാന്തിയും സുരക്ഷയും വളരെ ആവശ്യമുണ്ട്. ഇത് നമ്മുടെ കാലഘട്ടത്തിന്റെ സുപ്രധാന പ്രശ്നമാണ്. അത് അടിയന്തര ശ്രദ്ധ ആഗ്രഹിക്കുന്നു. എല്ലാ സമൂഹങ്ങളും സകല രാഷ്ട്രങ്ങളുടേയും വിശാല താൽപര്യം മുന്നിൽ നിറുത്തി അനിവാര്യമായും ഐക്യപ്പെടേണ്ടിവരും. മതത്തിന്റെപേരിലായാലും മറ്റെന്തെങ്കിലും കാര്യങ്ങളെ അടിസ്ഥാനമാക്കിയായാലും ശരി എല്ലാത്തരം അക്രമത്തിനും ബലാൽക്കാരത്തിനും അനീതിക്കുമെതിരിൽ സ്വന്തം ശ്രമങ്ങളെ ഏകോപിപ്പിക്കേണ്ടി വരും..

നമുക്ക് എല്ലാ ജനതയോടും ആത്മാർഥത പുലർത്തേണ്ടിവരും. അവരെ സഹായിക്കാനുള്ള ശ്രമം നടത്തേണ്ടിവരും. അതുമുഖേന ഓരോ രാജ്യത്തിനും പുരോഗതി കൈവരിക്കാനും സ്വന്തം ശേഷി തിരിച്ചറിയാനും സാധിക്കും. നമ്മൾ കാണുന്ന ശത്രുതയും വിദ്വേഷവും പണത്തോടുള്ള അന്ധമായ മോഹത്താലാണ് സംഭവിക്കുന്നത്. ഇതു വിഷയകമായി വിശുദ്ധ ഖുർആൻ ഒരു സുവർണ്ണ തത്ത്വം മുന്നോട്ട് വെക്കുന്നു: മറ്റുള്ളവരുടെ ധനത്തിനുമേൽ അസൂയയോടെ നോക്കാതിരിക്കുക. ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമുക്ക് ലോകത്ത് സമാധാന സംസ്ഥാപനത്തെ ത്വരിതപ്പെടുത്താൻ സാധിക്കും.

സമൂഹത്തിന്റെ എല്ലാ തലത്തിലും നീതിയുടെ തേട്ടം പൂർത്തീകരിക്കേണ്ടതാണ്. അതുമുഖേന ഓരോ വ്യക്തിക്കും മത, വർഗ, വർണ്ണ വ്യത്യാസമില്ലാതെ സ്വന്തം കാലിൽ അന്തസ്സോടും അഭിമാനത്തോടും കൂടി നിൽക്കാൻ സാധിക്കും. വളരെയധികം പുരോഗതി കൈവരിച്ച രാജ്യങ്ങൾ ദരിദ്ര രാജ്യങ്ങളിൽ നിക്ഷേപം നടത്തുന്നതായി നാം കാണുന്നു.

ഈ രാഷ്ട്രങ്ങൾ നീതിയിൽ നിലകൊള്ളണമെന്നതാണ് വളരെ ശ്രദ്ധ നല്കേണ്ടുന്ന കാര്യം. ആ ജനതയെ സഹായിക്കുന്നതിനു പകരം സ്വന്തം രാജ്യതാൽപര്യങ്ങളും ലാഭക്കൊതിയും മുന്നിൽ കണ്ട് ദരിദ്രരും പുരോഗതി കൈവരിക്കാത്തവരുമായ രാജ്യങ്ങളുടെ പ്രകൃതി വിഭവങ്ങളെ കുറഞ്ഞ കൂലി നല്കി കൈക്കലാക്കാൻ നോക്കരുത്. പ്രസ്തുത രാജ്യങ്ങളിൽനിന്നു ലഭിക്കുന്ന ലാഭത്തിന്റെ അധികപങ്കും അതേ രാജ്യത്തുതന്നെ പുനർനിക്ഷേപം നടത്തേണ്ടതുണ്ട്. പ്രാദേശിക വ്യക്തികളുടെ ശ്രേയസ്സിനും ഉന്നതിക്കുംവേണ്ടി ഈ ധനം ഉപയോഗപ്പെടുത്തേണ്ടതാണ്. പുരോഗതി കൈവരിച്ച രാജ്യങ്ങൾ ഈ രംഗത്ത് ഇങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ അതുമുഖേന ദരിദ്ര രാജ്യങ്ങൾക്ക് പ്രയോജനമു ണ്ടാകുമെന്ന് മാത്രമല്ല സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും ഫലപ്രദമായിരിക്കുമെന്ന കാര്യം സ്ഥാപിതമാണ്. ഇതുമുഖേന ദൃഢതയും സ്വാശ്രയത്വവും വർധിക്കും. വർധിച്ചു വരുന്ന അസ്വസ്ഥതകൾ ഇതുമുഖേന നീങ്ങിപ്പോകും.

സമ്പന്നരായ ജനതകൾ സ്വന്തം നേട്ടമാണ് ലക്ഷ്യം വെക്കുന്നതെന്നും അനുവദനീയമല്ലാത്ത രീതിയിൽ ദരിദ്രരും ദുർബലരുമായ രാജ്യങ്ങളുടെ വിഭവങ്ങൾ ഉപയോഗിക്കാനുള്ള വാതിൽ തുറക്കുന്നു വെന്നുമുള്ള തെറ്റുധാരണ ഇപ്രകാരം നീങ്ങിപ്പോകുകയും ചെയ്യും. ഇതിനുമുപരിയായി തദ്ദേശ ജീവിത നിലവാരം മെച്ചപ്പെടും. ഇത് ആഗോള ജീവിതനിലവാരവും സാമ്പത്തികാവസ്ഥയും മെച്ചപ്പെടുന്നതിലേക്ക് നയിക്കും. വിശിഷ്യാ അന്തർദേശീയ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും മനുഷ്യത്വത്തിന്റേയും വീക്ഷണത്തിന് സ്ഥിരത കൈവരും. എല്ലാ നേട്ടങ്ങൾക്കുമുപരിയായി ലോകത്ത് യഥാർഥ ശാന്തിയുടെ അടിസ്ഥാന മൂല്യങ്ങൾ സ്ഥാപിതമാകും. ഇക്കാര്യത്തിൽ നമ്മൾ ശ്രദ്ധ ഊന്നാതിരുന്നാൽ നിലവിലുള്ള അന്തർദേശീയ സമാധാനാവസ്ഥ ഒരു നശീകരണ ആഗോളയുദ്ധത്തിന് കാരണമാകും. ഇതിന്റെ ദുസ്സ്വാധീനം വരാനിരിക്കുന്ന തലമുറകളെവരെ ബാധിക്കും. നമ്മുടെ തലമുറകളൊരിക്കലും ഇതിന് മാപ്പുതരില്ല.

ഈ വാക്കുകളോടു കൂടി ഞാൻ വിട ചോദിക്കുന്നു. ലോകത്ത് യഥാർഥ ശാന്തി-സമാധാനം സ്ഥാപിതമാകാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ, നിങ്ങൾക്കെല്ലാവർക്കും വളരെയധികം നന്ദി.

05.05 വരെ ഹുദൂറിന്റെ പ്രഭാഷണം തുടർന്നു. ഹുദൂറിന്റെ ഈ പ്രഭാഷണം എല്ലാ അംഗങ്ങളും മറ്റു രാജ്യങ്ങളിൽനിന്നുവന്ന അതിഥികളും ശ്രദ്ധാപൂർവം ശ്രവിച്ചു. ഇരിപ്പിടത്തിൽ നിന്നു ഒരാളും അനങ്ങിയതായി കണ്ടില്ല.

ശേഷം ഫോറിൻ അഫയേഴ്സ് കമ്മിറ്റിയിലെ പാർലമെന്റംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമായിരുന്നു.

**ഹുദൂറിന്റെ പ്രഭാഷണം;ചോദ്യോത്തര സെഷൻ**

ഹുദൂർ അൻവറിന്റെ പ്രഭാഷണത്തിനുശേഷം അവിടെ ഹാജരായിരുന്നവർക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം നല്കപ്പെട്ടു.

ലിബറൽ പാർട്ടി പാർലമെന്റംഗമായ മിസ്റ്റർ ഹാൻടെൻ ബ്രോക്കിന്റേതായിരുന്നു ആദ്യ ചോദ്യം: *ഹുദൂർ അൻവറിന്റെ ഇവിടേക്കുള്ള വരവിൽ ഞാനേറ്റവും ആദ്യമായി നന്ദി പറയുന്നു. അങ്ങ് പ്രഭാഷണത്തിൽ വിശുദ്ധ ഖുർആൻ വചനങ്ങളുടെ റഫറൻസുകൾ സമർപ്പിച്ചു. അങ്ങ് ഇസ്‌ലാമിനേയും സമാധാന സ്ഥാപനത്തേയും പ്രൊട്ടക്ട് ചെയ്യുന്നു. മറുഭാഗത്ത് ഇസ്‌ലാമിക ലോകത്ത് അക്രമവും തീവ്രവാദവും കുഴപ്പവും അസമാധാനവും കാണപ്പെടുന്നു. ഇതു വിഷയകമായ 2 ചോദ്യങ്ങളാണ് അങ്ങയുടെ മുന്നിൽവെക്കാൻ ഞാനാഗ്രഹിക്കുന്നത്. ആദ്യ ചോദ്യം ഇതാണ്: ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ മേലും ഇസ്‌ലാമിന്റെ പ്രവാചകൻ മുഹമ്മദുനബി(സ)യുടെ മേലും വിമർശനങ്ങൾ ഉന്നയിക്കപ്പെടുന്നു. ഇത്തരത്തിലുള്ള വിമർശനത്തിനുള്ള മറുപടി വിശുദ്ധ ഖുർആൻ വചനങ്ങൾക്കനുസരിച്ച് നല്കേണ്ടതുണ്ടോ അതോ രാജ്യ നിയമങ്ങൾക്ക് അനുസൃതമായി അതിനെ വിലയിരുത്തണമോ?*

**ഹുദൂർ അൻവർ**: ഞാനെന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ജനങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നുകളഞ്ഞു. അവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങളല്ല. എന്റെ പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

താങ്കളുടെ രണ്ടാമത്തെ ചോദ്യം ഇസ്‌ലാമിനും തിരുനബിക്കുമെതിരിലുള്ള വിമർശനങ്ങൾക്ക് നല്കുന്ന മറുപടി ഏതു വിധത്തിലായിരിക്കണമെന്നാണ്. ഈയിടെ തിരുനബിയുടെ അന്തസ്സിന് പോറലേൽപ്പിക്കുന്ന വാക്കുകളുണ്ടായി. അദ്ദേഹത്തിന്റെ പദവിക്ക് മുറിവേല്പ്പിക്കപ്പെട്ടു. ഇതിൽ മുസ്‌ലിം സമുദായത്തിൽ നിന്ന് അതികഠിനമായ പ്രതികരണം വെളിപ്പെട്ടു. എന്നാൽ, ഈ അവസരത്തിൽ നമ്മുടെ പതികരണമെന്തായിരുന്നു. ആരെയെങ്കിലും കൊല്ലുകയെന്നത് രാജ്യത്തിന്റെ നിയമം കൈയിലെടുക്കലാണ്. ഇത് തികച്ചും തെറ്റാണ്. നാമൊരിക്കലും ഇത്തരത്തിലുള്ള പ്രതികരണം നടത്താറില്ല. പ്രത്യുത, നമ്മുടെ പ്രതികരണം മറ്റൊരു വിധത്തിലായിരുന്നു. എം.ടി.ഏയിലൂടെ ഞാൻ നല്കുന്ന വെള്ളിയാഴ്ച പ്രഭാഷണങ്ങൾ ലോകം മുഴുവനും സംപ്രേഷണം ചെയ്യപ്പെടുന്നു. ലോകം അത് കേൾക്കുന്നു. ഇത്തരത്തിലുള്ള പ്രതികരണങ്ങൾ തികച്ചും തെറ്റാണെന്ന് ഞാൻ വിശദമാക്കിയിരുന്നു. ഇസ്‌ലാമിന്റെ സമാധാന പൂർണമായ അധ്യാപനങ്ങളെ സ്വജീവിതത്തിൽ പകർത്തുന്നതാണ് യഥാർഥ പ്രതികരണം. സ്വന്തം പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമികാധ്യാപനങ്ങളെ ഓരോ അഹ്‌മദീ മുസ്‌ലിമും പ്രകടിപ്പിക്കുക. ദൈവത്തിന്റെ ദാസന്മാരെ അപമാനിക്കുന്നവർക്ക് ബുദ്ധി നൽകാൻ ദൈവത്തോട് പ്രാർഥിക്കുക.

എല്ലാ മതപരമായ വ്യക്തിത്വങ്ങളേയും ആദരിക്കേണ്ടതാണ്. അത് ഇസ്‌ലാം മതസ്ഥാപകർ മുഹമ്മദുനബിയെന്നോ ഈസാനബിയെന്നോ മറ്റേതെങ്കിലും നബിയെന്നോ നോക്കേണ്ടതില്ല. നിങ്ങൾ ഏതെങ്കിലും ഒരു നബിയേയോ മതനേതാവിനേയോ അപമാനിച്ചാൽ സ്വാഭാവികമായും ചിലരുടെ ഭാഗത്തു നിന്ന് പ്രതികരണമുണ്ടാകും. അവർ പ്രതികരിക്കാനും ശ്രമിക്കും. കാരണം അത്തരം സാഹചര്യങ്ങളിൽ ജനങ്ങൾക്ക് വികാരങ്ങൾ നിയന്ത്രിക്കാൻ പ്രയാസമാണ്. ഇത് ഇരു ഭാഗത്തുനിന്നുമുള്ള ഒഴുക്കാണ്. ചിലത് നൽകുന്നു ചിലത് വാങ്ങുന്നു. അതുകൊണ്ട് ഓരോ വ്യക്തിയും മറ്റുള്ളവരെ ആദരിക്കുക. ഇത് അടിസ്ഥാനപരമായ മാനുഷിക മൂല്യങ്ങളാണ്.

രാഷ്ട്രനിയമത്തെ സംബന്ധിച്ചിടത്തോളം നിങ്ങളാഗ്രഹിക്കുന്നത് പറയാൻ അനുവാദം നൽകുന്നുണ്ട്. ഞാൻ മുമ്പേയും വിശദീകരിച്ചിട്ടുള്ളതുപോലെ ഈ നിയമങ്ങൾ മനുഷ്യനിർമിതമാണ്.

അതുകൊണ്ടുതന്നെ സമയാസമയങ്ങളിൽ ഈ നിയമങ്ങളിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കും. ലോകത്തെ ഓരോ പ്രദേശത്തും എവിടെയെല്ലാം നിയമങ്ങളുണ്ടാക്കുന്നുവോ അവിടെയെല്ലാം കുറച്ചു കാലത്തിനുശേഷം അതിൽ പരിശോധന കൊണ്ടുവരാറുണ്ട്. നിങ്ങൾ സ്വയം നടപ്പിലാക്കിയ സ്വന്തം നിയത്തിൽ തൃപ്തരല്ലെന്നാണ് ഇതിന്റെയർഥം. സാഹചര്യങ്ങൾ മാറുമ്പോൾ നമുക്ക് നിയമം മാറ്റേണ്ടതുണ്ടെന്ന് നിങ്ങൾ പറയുന്നു. കാരണം, ഈ നിയമം ഇക്കാലഘട്ടത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉൾക്കൊള്ളുന്നില്ല. അതുകൊണ്ട് രാഷ്ട്രനിയമങ്ങൾ പൂർണമാണെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുകയില്ല. ഏതെങ്കിലും രാഷ്ട്രനിയമം ഏതെങ്കിലും മതനേതാവിനോടോ ജനങ്ങൾ സ്നേഹിക്കുന്ന ഒരു വ്യക്തിയോടോ ആക്ഷേപകരമായി പെരുമാറാൻ അനുവാദം നൽകിയാൽ അത് ശരിയാണോ?

ആഗ്രഹിക്കുന്നതു പറയാനുള്ള അവകാശം നിങ്ങൾക്കുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ, എന്റെ അഭിപ്രായത്തിൽ ഞാൻ സ്നേഹിക്കുന്ന ഒരാൾക്കെതിരിൽ അനാവശ്യം പറയാനുള്ള അവകാശം അത് നിങ്ങൾക്കു നല്കുന്നില്ലെന്നാണ്. ഇവിടെ പാശ്ചാത്യ രാഷ്ട്രങ്ങളിൽ നിങ്ങൾക്ക് ഓരോ വ്യക്തിക്കും എതിരിൽ അവർ ദൂതനോ വഴികാട്ടിയോ ആരോ ആകട്ടെ തുറന്ന് ആക്ഷേപിക്കാൻ അവകാശമുണ്ടെങ്കിൽ അടിസ്ഥാന മാനുഷിക മൂല്യങ്ങൾ അങ്ങനെ ചെയ്യുന്നതിൽനിന്ന് നിങ്ങളെ തടയുന്നു എന്നതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് നിങ്ങൾക്ക് ഈ സ്വാതന്ത്ര്യത്തിനുമേൽ എന്തെങ്കിലും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരും. അല്ലെങ്കിൽ ലോകത്ത് അസ്വസ്ഥതയും അസമാധാനവുമുണ്ടാകും. ഇത് നിങ്ങൾ കാണുന്നു. ഇത്തരത്തിലുള്ള പ്രതികരണത്തിന്റെ ഫലം നല്ലതാണെന്ന അനുഭവം താങ്കൾക്കുണ്ടെങ്കിൽ ഞാനംഗീകരിക്കുന്നു. നിങ്ങളത് തുടരേണ്ടതാണ്. നബി(സ)തിരുമേനിയുടെ അന്തസ്സിന് ക്ഷതമേൽപ്പിച്ചതിന്റെ ഫലമായി മുസ്‌ലിം ലോകത്തിന്റെ ഭാഗത്തുനിന്ന് അതികഠിനമായ പ്രതിഷേധമുണ്ടാകുന്നെങ്കിൽ താങ്കൾ ചിന്തിക്കേണ്ടതാണ്. മറ്റുള്ളവരുടെ വികാരത്തിന് ക്ഷതമേൽക്കുന്ന പ്രശ്നത്തിൽ ഞങ്ങൾ ഊന്നൽ നല്കുന്നതിന്റെ പിന്നിലെ ചേതോവികാരം എന്താണെന്ന് ചിന്തിക്കുക. മാനുഷിക മൂല്യങ്ങൾക്ക് പരമപ്രാധാന്യമുണ്ടെന്നാണ് എന്റെ അഭിപ്രായം.

ലേബർപാർട്ടി അംഗമായ പാർലമെന്റ് എം.പി മിസ്റ്റർ മിഖായേൽ സെർവീസ് ഹുദൂറിനോടു ചോദിച്ചു:*ഹുദൂറിന്റെ പാർലമെന്റ് ഹൗസിലേക്കുള്ള വരവിൽ ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. ഞാൻ അതേ ചോദ്യംതന്നെ മുന്നോട്ടു ഉന്നയിക്കാനാഗ്രഹിക്കുന്നു. ചില അവസരങ്ങളിൽ മറ്റുള്ളരുടെ വികാരങ്ങൾക്ക് മുറിവേല്ക്കുന്നുവന്ന താങ്കളുടെ വാക്കിനോടു ഞാൻ യോജിക്കുന്നു. മറ്റുള്ളവരോടുള്ള ആദരവു പുലർത്തിക്കൊണ്ട് ഞാനും ജനങ്ങളോടു പറയുന്നു: മറ്റുമതങ്ങളെ ആദരിക്കുക. ഒരു മതവുമായും ബന്ധമില്ലാത്ത വരേയും ആദരിക്കുക. മറുഭാഗത്ത് ഒരു ഫ്രഞ്ച് തത്ത്വ ചിന്തകൻ പറഞ്ഞ തത്ത്വങ്ങളിലും ഞാനുറച്ചു വിശ്വസിക്കുന്നു. നിങ്ങളോടു യോജിക്കുക എന്നത് അനിവാര്യമല്ല. എന്നാൽ, നിങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യ അവകാശത്തെ പ്രതിരോധിക്കാൻ മരണംവരെ പ്രതിഷേധം നടത്താൻ ഞാൻ തയ്യാറാണ്.*

*അതുകൊണ്ട് ഓരോരുത്തർക്കും പറയാനുള്ള അവകാശമുണ്ട്. ഗ്ളൈഡറിന്റെ ഭാഗത്തുനിന്നു നല്കപ്പെട്ട പ്രതികരണങ്ങളെ കുറിച്ചും പത്രത്തിൽ പ്രസിദ്ധീകരിച്ച നിന്ദാസൂചകമായ കാർട്ടൂണുകളെ കുറിച്ചും താങ്കൾ വിമർശനം ഉന്നയിക്കാൻ കാരണമായത് അതുകൊണ്ടാണ്. എന്റെ ചോദ്യം ഇതാണ്. കാർട്ടൂൺ നിർമിക്കുന്നവരും അഥവാ ഇസ്‌ലാമിനെതിരെ പ്രതികരിക്കുന്നവരും ചെയ്യുന്നത് അവരുടെ അവകാശമാണോ അല്ലേ എന്ന കാര്യത്തിൽ താളെന്താണ് മനസ്സിലാക്കുന്നത്.*

**ഹുദൂർ അൻവർ:** അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഈ അവകാശത്തെ കുറിച്ച് താങ്കളുടെ രാജ്യത്തിന്റെ നിയമത്തിലുണ്ട്. ഏകദേശം ഓരോ ജനാധിപത്യ രാജ്യത്തിലും ആഗ്രഹിക്കുന്നത് പറയാനുള്ള അനുവാദമുണ്ട്. എന്നാൽ, ഞാൻ പറയുന്നത് ഈ അഭിപ്രായ സ്വാതന്ത്ര്യ അവകാശം നിലനിൽക്കെ തന്നെ ഈ സ്വാതന്ത്ര്യത്തിന്റെമേൽ എന്തെങ്കിലും ചില പരിധി നിശ്ചയിക്കണമെന്നാണ്. താങ്കൾ നോക്കുക, ഇതിന്റെ ഫലമായി അസമാധാനം ഉണ്ടാകുകയും ചിലർക്ക് പ്രയാസം നേരിടുകയും ചെയ്യുമ്പോൾ അവിടെ താങ്കൾക്ക് ചില പരിധികൾ നിശ്ചയിക്കേണ്ടതായി വരും. എന്നിരുന്നാലും ഞങ്ങൾ മറ്റുള്ളവരെപോലെ പ്രതികരിക്കാറില്ല. ലോകത്ത് സമാധാന സ്ഥാപനത്തിനുവേണ്ടി താങ്കൾക്ക് മാനുഷിക മൂല്യങ്ങളെ ആദരിക്കേണ്ടി വരുമെന്നതാണ് എന്റെ പക്ഷം. മറ്റുള്ളവരുടെ വികാരങ്ങളെകുറിച്ച് വിചാരമുണ്ടാകുകയെന്നതു തന്നെയാണ് മാനുഷിക മൂല്യങ്ങൾ. കേവലം താങ്കൾ പറയാനാഗ്രഹിക്കുന്നത് പറയലോ താങ്കളുടെ മനസ്സിൽവരുന്ന കാര്യങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം മാത്രമോ ആകരുത്.

മറ്റുള്ളവരുടെ വികാരങ്ങളെ കുറിച്ചുള്ള വിചാരം ഉണ്ടാകുമ്പോൾ ഇത്തരത്തിലുള്ള സംസാരത്തിനു മുമ്പേ രണ്ടു പ്രാവശ്യമെങ്കിലും ആലോചിക്കും. ഇതിന്റെ ഫലമായി പ്രശ്നങ്ങളുണ്ടാകാനും സമൂഹത്തിന്റെ സമാധാനം മോശമാകാനും സാധ്യതയുണ്ട്.

**മിസ്റ്റർ മിഖായേൽ സെർവീസ്:** *ആവിഷ്കാര സ്വാതന്ത്ര്യത്തിൽ നിങ്ങൾ പരിധി വെക്കുമ്പോൾ ഇതിനെ രാഷ്ട്രീയ നേതാക്കൾ ദുരുപയോഗം ചെയ്യില്ലേ? ഇതു കാരണത്താൽ രാജ്യത്ത് ചർച്ചകൾ അവസാനിക്കും. താങ്കൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മേൽ പിരിധി വെക്കുമ്പോൾ എവിടെയാണ് വെക്കുക.*

**ഹുദൂർ അൻവർ:** താങ്കൾ നിയമപരമായി ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണം വെക്കാനല്ല ഞാൻ പറഞ്ഞത്. നമുക്ക് സമാധാനത്തിന്റേയും മറ്റുള്ളവരുടെ വികാരങ്ങളുടെ പ്രാധാന്യത്തേയും കുറിച്ചുള്ള വിചാരമുണ്ടാകുക എന്നതാണ് ഞാനുദ്ദേശിച്ചത്. ഈ വിചാരം സൃഷ്ടിച്ചാൽ ബുദ്ധിമാനായ ഓരോ വ്യക്തിയും മറ്റുള്ളവരെ സംബന്ധിച്ച് മോശമായി സസാരിക്കുന്നതിനു മുമ്പേ രണ്ടു പ്രാവശ്യം ആലോചിക്കും. സമൂഹത്തിന്റെ സമാധാനത്തിന് സർവോപരി പ്രാധാന്യം നല്കുന്നുണ്ടെങ്കിൽ ആവിഷ്കാര സ്വാതന്ത്ര്യം നിലനില്ക്കെത്തന്നെ ഇത്തരത്തിലുള്ള സംസാരം താങ്കൾ നടത്തുകയില്ല. ഏറ്റവും ചുരുങ്ങിയത് എന്നെ സംബന്ധിച്ചിടത്തോളം ഒരാളെ സംബന്ധിച്ചും മോശമായ സംസാരം ഞാൻ നടത്താറില്ല. നിത്യേനയുള്ള പ്രശ്നങ്ങളിൽപോലും ഞാനത് പറയാറില്ല. സ്വന്തം വീട്ടിൽ ഭാര്യയുടേയോ സഹോദരന്റേയോ മറ്റാരുടേയോ വികാരങ്ങൾക്ക് താങ്കൾ ബുദ്ധിമുട്ടേല്പ്പിക്കുമ്പോൾ അതിന്റെ ഫലമായി വീട്ടിൽ അസമാധാനമുണ്ടാകും. താനിങ്ങനെ ചെയ്യാതിരുന്നെങ്കിൽ സാഹചര്യം നന്നാകുമായിരുന്നു എന്ന് താങ്കൾ പറയും. ഇതെല്ലാം താങ്കളുടെ ചിന്തകളിൽ അധിഷ്ഠിതമാകും. ഇത് അർഥമാക്കുന്നത് താങ്കൾക്ക് സ്വാതന്ത്ര്യമുണ്ടെങ്കിലും എന്തും പറയാൻ സാധിക്കില്ലെന്നാണ്. ഉദാഹരണമായി സെമിറ്റിസത്തിനെതിരെ എന്തും പറയാൻ താങ്കൾക്ക് സാധിക്കില്ല. താങ്കൾക്ക് യഹൂദികൾക്കെതിരിൽ സംസാരിക്കാൻ സാധിക്കില്ല. രണ്ടാം ലോക മഹായുദ്ധത്തിലെന്താണ് സംഭവിച്ചത്. എന്തും പറയാനുള്ള അവകാശം ഓരോരുത്തർക്കുമുണ്ട്. എന്നിട്ടും പൊതുവേ ഇവർക്കെതിരിൽ സംസാരിക്കാനിഷ്ടപ്പെടാറില്ല. ചില രാജ്യങ്ങളിൽ താങ്കൾ യഹൂദർക്കെതിരെ സംസാരിച്ചാൽ അല്ലെങ്കിൽ സംഭവിച്ചതിനെ കുറിച്ച് പറഞ്ഞാൽ നിയമം താങ്കളെ പിടികൂടുന്നു. ഇതിന്റെ അർഥം ചില പരിധികൾ നിയമം മുമ്പേതന്നെ നിശ്ചയിച്ചിരിക്കുന്നുവെന്നാണ്.

പാർലമെന്റംഗമായ മിസ്റ്റർ പീറ്റർ ഓം സൈറ്റ് ക്രിസ്റ്റ്യൻ ഡെമോക്രാറ്റിക് പാർട്ടി അംഗമാണ്. അദ്ദേഹം പറയുന്നു:*ഞാൻ താങ്കൾക്ക് നന്ദി പറയുന്നു. സമാധാനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള താങ്കളുടെ പ്രഭാഷണത്തിനും നന്ദി പറയുന്നു. ഈ സമയത്ത് മിഡിൽ ഈസ്റ്റിൽ സിറിയയിലും ഇറാഖിലും മതത്തിന്റെ പേരിൽ അക്രമം നടക്കുകയാണ്. പാകിസ്താനിൽ മതത്തിന്റെ പേരിൽ അഹ്മദികളുടെമേൽ ആക്രമണമു ണ്ടാകുന്നു. ജനങ്ങളെ കൊലപ്പെടുത്തുന്നു. ഈ കൊലപാതകങ്ങളെ കുറിച്ചും ആക്രമണങ്ങളെ സംബന്ധിച്ചുമുള്ള താങ്കളുടെ അഭിപ്രായം എന്താണ്? ഈ ആക്രമണങ്ങളെ എങ്ങനെ തടുക്കാൻ കഴിയും?*

**ഹുദൂർ അൻവർ:** ഈ സമയത്ത് സിറിയയിലും ഇറാഖിലും സംഭവിക്കുന്ന യുദ്ധം ഭരണകൂടത്തിനും റിബലുകൾക്കുമിടയിലാണ്. അവരെ റിബലുകളെന്നും വിളിക്കപ്പെടുന്നു. ചിലർ അവരെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരെന്നും വിളിക്കുന്നു. ഇവർ അവിടുത്തെ നിലവിലുള്ള നേതൃത്വത്തേയും ഭരണകൂടത്തേയും അവസാനിപ്പിക്കാനാഗ്രഹിക്കുന്നു. എന്നാൽ, ആഫ്രിക്കക്കാർക്ക് ആയുധങ്ങളും യുദ്ധ സാമഗ്രികളും നൽകപ്പെടുന്നു. ഇവർക്ക് സാമ്പത്തികമായും സഹായങ്ങൾ നല്കപ്പെടുന്നു. ഈ രാജ്യങ്ങളിൽ ആയുധങ്ങളുടെ ഒരു ഫാക്ടറിയുമില്ല. ഇവരുടെ യടുക്കൽ എണ്ണയുണ്ടെങ്കിലും ഈ യുദ്ധത്തെ നിലനിറുത്തുന്നതിന് മതിയായ ഫണ്ടിംഗില്ല. അവരുടെമേൽ നിങ്ങൾ ഉപരോധം ഏർപ്പെടുത്തിയാൽ ഇവരുടെ എണ്ണയുടെ നിധികൾ ആഗോള മാർക്കറ്റിൽ വിൽപ്പന നടത്താൻ സാധിക്കുകയില്ല. കുറച്ചു മുമ്പേ വിശദമായി ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. നിങ്ങൾ റിബലുകളുടെമേലും ഭരണകൂടത്തിന്റെ മേലും ഉപരോധം ഏർപ്പെടുത്താനും ഇരു വിഭാഗവും പൂർണ പരിഹാരത്തിലൂടെ സമാധാനം കണ്ടെത്തുന്നതുവരെ വൻശക്തികൾ ഇവരെ സഹായിക്കരുതെന്നും ഞാൻ പറയാനുള്ള കാരണം ഇതായിരുന്നു. നിങ്ങൾക്ക് റഷ്യയുടെമേൽ ഉപരോധം ഏർപ്പെടുത്താമെങ്കിൽ അവരുടെ സാമ്പത്തികാവസ്ഥയെ നശിപ്പിക്കാൻ സാധിക്കുമെങ്കിൽ അല്ലെങ്കിൽ ഒരു പരിധിവരെ കോട്ടം വരുത്താൻ സാധിക്കുമെങ്കിലൽ പിന്നെ ഐ.സീ.എസിന്റെ ഭരണകൂടത്തെ തടുക്കാൻ എന്തുകൊണ്ട് സാധിക്കുകയില്ല. ഇവരിവിടെ നിന്നാണ് ഫണ്ട് നേടിയെടുക്കുന്നത്. ആയുധങ്ങൾ കരസ്ഥമാക്കുന്നതെവിടെ നിന്നാണ്. എങ്ങനെ തടയണമെന്നത് നിങ്ങൾ രാഷ്ട്രീയക്കാരുടെ ജോലിയാണ്.

**മിസ്റ്റർ പീറ്റർ ഓം സൈറ്റ്:***നമുക്കിത് എങ്ങനെ നിർവഹിക്കാൻ കഴിയും?ഇതൊരു രാഷ്ട്രീയ പ്രശ്നമാണെന്നാണ് താങ്കളുടെ വിചാരം. പാശ്ചാത്യ രാജ്യങ്ങളിൽനിന്ന് റിബലുകൾ സഹായം കരസ്ഥമാക്കുന്നു. ശരിയാണ്, അവർക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടാകും. എന്നിട്ടും അവർ ഇസ്‌ലാമിന്റെ പേരിൽത്തന്നെ യുദ്ധം ചെയ്യുന്നു. ഇസ്‌ലാമിന്റെ പേരിൽ ഖിലാഫത്തും സ്ഥാപിച്ചിരിക്കുന്നു. ജനങ്ങളുടെ മേൽ വിവിധങ്ങളായ ആക്രമണം നടത്തുന്നു. അവരുടെ തല വെട്ടുന്നു. ന്യൂനപക്ഷ*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 23 November 2023 Issue-47

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

*ങ്ങളോട് കൂടുതൽ ടാക്സ് നൽകാൻ പറയുന്നു. അവർക്ക് സമത്വത്തോടെയുള്ള അവകാശങ്ങൾ അവർക്ക് നല്കപ്പെടുന്നില്ല.*

**ഹുദൂർ അൻവർ:**ഇവരുടെ പ്രവർത്തികളെ സംബന്ധിച്ചിടത്തോളം തലവെട്ടുന്നുവെന്ന് താങ്കൾ പറഞ്ഞു. ഇത് ഇസ്‌ലാമിന്റെ യുദ്ധമല്ല. കാരണം അവർ കേവലം മറ്റുമതവുമായി ബന്ധപ്പെട്ടവരുടേയോ ഗോത്രക്കാരുടേയോ തല മാത്രമല്ല അറുക്കുന്നത്. അവരുമായി ബന്ധമില്ലാത്ത വിഭാഗക്കാരായ മുസ്‌ലിമീങ്ങളുടേയും തലയും അറുക്കുന്നുണ്ട്. ഇതെല്ലാം അനിസ്‌ലാമികമായിരുന്നു. അവരുടെ ഫണ്ടിംഗ് തടയപ്പെടണമെന്നും അവർക്കെതിരിൽ ഉറച്ച തീരുമാനത്തോടെ പ്രവർത്തിക്കണമെന്നും ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം അപ്രകാരം പ്രവർത്തിച്ചാൽ ജനങ്ങളുടെ തല ഈ വിധത്തിൽ അറുക്കപ്പെടുകയില്ലെന്ന് പറയാനാണ്. ഇപ്പോൾ ഈ പ്രശ്നം തലയറുക്കന്നതിൽമാത്രം പരിമിതമല്ല. കാര്യങ്ങൾ കൂടുതൽ സങ്കീർണമാകുന്നു. കാര്യങ്ങൾ കൂടുതൽ മുന്നോട്ട് പോവുന്നു. റഷ്യയും സിറിയയിൽ പ്രവേശിച്ചിരിക്കുന്നു. അവരവിടെ സ്വന്തം എയർഫോഴ്സ് കേന്ദ്രം സ്ഥാപിച്ചു കഴിഞ്ഞു. വ്യോമാക്രമണവും നടത്തുന്നു. കരസൈന്യത്തേയും അയക്കാൻ സാധ്യതയുണ്ട്. ഇന്നോ ഇന്നലെയോ തന്നെ അവർ തുർക്കി ബോർഡറിൽ വ്യോമാക്രമണവും നടത്തി. നാറ്റോയും ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചു കഴിഞ്ഞു. ഇതിന്റെ അർഥം ഇപ്പോൾ ഈ യുദ്ധം ഈ രാജ്യങ്ങളുടെ അതിർത്തികളിൽനിന്ന് പുറത്തു വന്നിരിക്കുന്നുവെന്നാണ്. പല ബ്ലോക്കുകൾ രൂപപ്പെടുന്നു. റഷ്യക്കും അമേരിക്കക്കുമിടയിൽ നേരിട്ട് ആക്രമണമുണ്ടായാൽ അല്ലെങ്കിൽ നാറ്റോ അംഗരാജ്യമോ മറ്റുരാജ്യമോ ഇതിന്റെ ഭാഗമായാൽ ഈ ലോകം വലിയ നാശത്തിലേക്ക് പോകുന്നതായിരിക്കും. ഇക്കാര്യംതന്നെയാണ് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം അസ്വസ്ഥപ്പെടുത്തുന്നത്. തലവെട്ടലിനെ സംബന്ധിച്ചിടത്തോളം ഇത് അനിസ്‌ലാമിക പ്രവർത്തിയാണ്. ഇതിനുള്ള തെളിവ് ഖുർആനിൽനിന്നു കിട്ടില്ല. നബി(സ)തിരുമേനിയുടെ ഹദീഥുകളിൽനിന്നു കിട്ടില്ല. എന്നിട്ടും ഞാൻ പറയുന്നു, ഇവർക്കെതിരിൽ ഗൗരവത്തോടെ നടപടി സ്വീകരിച്ചാൽ ഈ സാഹചര്യത്തെ നിങ്ങൾക്ക് തടയാൻ കഴിയും.

വീണ്ടും ഞാൻ പറയും, ഇത് വൻശക്തികളുടെ ഉത്തരവാദിത്വമാണ്. ഒന്നുകിൽ അവരുടെ അയൽക്കാരായ മുസ്‌ലിം രാജ്യങ്ങളെ ഐ.സീ.എസിനെതിരെ നടപടി സ്വീകരിക്കാൻ സഹായിക്കുക. ഏറ്റവും ചുരുങ്ങിയത് അവരുടെ ഫണ്ടിംഗ് എങ്കിലും തടയുക. ഫണ്ടുകൾ കൂടാതെ, ആയുധങ്ങളും യുദ്ധസാമഗ്രികളും കൂടാതെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് താങ്കൾക്കറിയാം. ഇതൊന്നും അവർ സ്വയമുണ്ടാക്കുന്നില്ല. രഹസ്യമായി അവർ പാശ്ചാത്യ രാജ്യങ്ങളിൽനിന്നു ആയുധങ്ങൾ വാങ്ങുകയാണ്. അവരിത് എങ്ങനെ ചെയ്യുന്നുവെന്ന് എനിക്കറിയില്ല. രഹസ്യമായാണ് ഇവരത് ചെയ്യുന്നതെന്ന് തോന്നുന്നു. ചിലർ പറയുന്നത്, ഇത്തരത്തിലുള്ള കച്ചവട കരാറുകൾ ഓഫ്ഷോറിലാണ് നടക്കുന്നത്. ഇവരുടെ മേൽ യഥാർഥമായ നിലയിൽ ഉപരോധം ഏർപ്പെടുത്തിയാൽ നിങ്ങൾക്ക് അവരെ നിയന്ത്രിക്കാൻ സാധിക്കും. ജനങ്ങളുടെ തലവെട്ടലും ഇതു പോലെയുള്ള മറ്റു കാര്യങ്ങളും ഇപ്പോൾ നിസ്സാരമായിരിക്കുന്നു. മുന്നിൽ വരുന്ന വളരെ വലിയ നാശം വിവിധ ബ്ലോക്കുകൾ രൂപപ്പെടലാണ്. നിങ്ങളിതിനെ കുറിച്ചാണ് കൂടുതൽ ആലോചിക്കേണ്ടത്.

ഡെമോക്രാറ്റിക് പാർട്ടിയംഗവും എം.പീയുമായ മിസ്റ്റർ സ്ജേർഡ് സുജോഡ്സ്മ സാഹിബ് ഹുദൂറിനോട് ചോദിച്ചു: *ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് വിശദീകരിച്ച് ത്വര്യപ്പെടുത്തിയതിന് വളരെ നന്ദിയുണ്ട്. ശാന്തിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള അങ്ങയുടെ ശ്രമങ്ങളെ വളരെ മൂല്യവത്തായി ഞാൻ കാണുന്നു. നമ്മുടെ രാജ്യങ്ങളിലുള്ള യുവാക്കൾ സ്വാധിനിക്കപ്പെട്ടു കൊണ്ട് മറ്റു രാജ്യങ്ങളിലേക്കുപോകുകയും തീവ്രവാദികളോടൊപ്പം ചേരുകയും ചെയ്യുന്നു. ഈ യുവ-സ്ത്രീ പുരുഷന്മാരോട് അങ്ങ് എന്താണ് പറയാനാഗ്രഹിക്കുന്നത്? ഇതാണ് ഞാൻ ചോദിക്കാനാ ഗ്രഹിക്കുന്നത്.*

**ഹുദൂർ അൻവർ:**പാശ്ചാത്യലോകത്തുള്ള തീവ്രവാദികളായി മാറുന്ന യുവാക്കൾ സിറിയയിലും ഇറാഖിലുമാണ് പോകുന്നതെന്ന് താങ്കൾക്കറിയാം. ഐ.സീ.സീ.എസ് ഭരണകൂടമെന്ന് വിളിക്കപ്പെടുന്നവർക്കുവേണ്ടി അവർ യുദ്ധം ചെയ്യുന്നു. ഇവരെല്ലാം നിരാശരും അസ്വസ്ഥരുമാണ്. 2008ലുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണത്താൽ ധാരാളം യുവാക്കളെ നൈരാശ്യം പിടികൂടിയിരുന്നു. യൂ.കെയിൽ മാത്രം 2.6 മില്യൺ ആളുകൾ ഈ പ്രതിസന്ധി കാരണത്താൽ തൊഴിൽരഹിതരായി മാറി. ലോകത്തെ മറ്റുപ്രദേശങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ ഇത് ബാധിച്ചവരായുണ്ട്. ഇവിടെനിന്നും അവരുടെ സ്വാധീനവലയത്തിൽപെട്ടു പോകുന്നവരിൽ കൂടുതൽപേരും ഏഷ്യയിൽനിന്നു വന്ന അഭയാർഥികളാണ്. ദൗർഭാഗ്യവശാൽ അതിൽ മുസ്‌ലിമീങ്ങളുമുണ്ട്. സംക്ഷിപ്തമായി പറയട്ടെ, പ്രസ്തുത യുവാക്കളിൽ നൈരാശ്യമുണ്ടായിരുന്നു. ഇവർക്ക് പ്രസ്തുത സംഘടനകളുടെ ഭാഗത്തുനിന്നു വലിയ തുകകൾ പകരമായി നല്കുമെന്ന നർദേശം നൽകപ്പെട്ടപ്പോൾ അതിൽ ആകർഷിതരായി. ഇത് കേവലം മതപരമായ കാരണം മാത്രമായിരുന്നില്ല, സാമ്പത്തിക കാരണങ്ങളുമുണ്ട്. അവർക്കിവിടെ ജോലികൾ നല്കപ്പെട്ടിരുന്നെങ്കിൽ ഇവരിൽപകുതിയും ഇവിടെത്തന്നെ തങ്ങുമായിരുന്നു എന്നാണ് എന്റെ പക്ഷം. യൂ.കെയിൽ തൊഴിൽ വിഭാഗം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇതിൽല് നിന്നു ഏറ്റവും കുറവ് ഫലമെടുക്കുന്നവർ യുവാക്കളാണ്. ഈ യുവാക്കൾക്ക് ഭാരിച്ച തുക വാഗ്ദാനം ചെയ്യപ്പെടുമ്പോൾ അതിൽ ആകൃഷ്ടരാകുന്നു. ഒരു വ്യക്തിക്ക് ഒരു മാസം 4000 മുതൽ 6000 വരെ ഡോളർ നല്കപ്പെടുന്നുവെന്ന് പറയപ്പെടുന്നു. ഈ ഫണ്ടുകളെവിടെനിന്ന് വരുന്നു എന്ന കാര്യം വീണ്ടും ഞാൻ ഉന്നയിക്കുകയാണ്.

ഇപ്പോൾ സാഹചര്യം മാറിയിട്ടുണ്ട്. ഇപ്പോൾ ഇന്റർനെറ്റ് മുഖേന വ്യക്തികൾ വലയം ചെയ്യപ്പെടുന്നു. സിറിയയിലേക്കും ഇറാഖിലേക്കും പോകുന്നതിനു പകരം സ്വന്തം രാജ്യങ്ങളിൽ താമസിച്ചു കൊണ്ടുതന്നെ തങ്ങളുടെ അജണ്ട നടപ്പിലാക്കാൻ ഇപ്പോൾ ഇവരോട് പറയപ്പെടുന്നു. മറ്റൊന്ന് സൈബർ ആക്രമണമാണെന്ന് ഇപ്പോൾ പറയപ്പെടുന്നു.

ഇപ്പോൾ വളരെ മോശമായ ഒരു പ്രതിഭാസം തുടങ്ങിയിരിക്കുന്നു. അതിൽനിന്നുമുള്ള മോചനം സാധ്യമല്ല. അതിനെ വേരോടെ പിഴുതെറിയുന്നതിന് ഒരേയൊരു പരിഹാരമേയുള്ളൂ. ഇവർ പോയാലും ഇല്ലെങ്കിലും പാശ്ചാത്യ ലോകത്തിന് ഇതുവളരെ വലിയ ഭീഷണിയാണ്. ഇപ്പോൾ സിറിയയിൽനിന്ന് അഭയാർഥികൾ വരുന്നുണ്ട്. ഐ.സീ.എസിന്റെ പ്രതിനിധി പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട:അഭയാർഥികളായി വരുന്ന ഓരോ അമ്പത് പേരിൽ ഒരാൾ ഐ.സീ.എസിന്റെ സുപ്രധാന അംഗമാണ്. അപ്പോൾ ഒരു സുപ്രധാന കാരണം സാമ്പത്തികമാണ്. യൂറോപ്പിലെ സ്വദേശികൾ തീവ്രവാദിയാക്കപ്പെടുന്നു. ഇവർ ഏഷ്യൻ വ്യക്തികളേക്കാൾ കൂടുതല് കുഴപ്പക്കാരാണെന്ന് പറയപ്പെടുന്നു. ഇവരുടെ ഫണ്ടിംഗും വിതരണവും ഏത് സാഹചര്യത്തിലും അവസാനിപ്പിക്കുന്നതു തന്നെയാണ് ഏക മാർഗം.

വിദേശ കാര്യ വകുപ്പിന്റെ ഡെപ്യൂട്ടി ചെയർമാൻ എന്ന നിലയിൽ ഈ ചടങ്ങിന് ആതിഥേയത്വം നല്കുന്ന മിസ്റ്റർ ഹാരി വാൻ ബൊമ്മൽ ഹുദൂറിനോടു ചോദിച്ചു:*അവസാനത്തെ ചോദ്യം അഹ്മദികളുടെ മേൽ നടക്കുന്ന അതിക്രമങ്ങളെ കുറിച്ചാണ്. ധാരാളം രാജ്യങ്ങളിൽ ഇവരുടെ മേൽ അതിക്രമം നടക്കുന്നു. വിശിഷ്യാ മുസ്‌ലിം രാജ്യങ്ങളിൽ! അതിൽ പാക്കിസ്താനും സൗദി അറേബ്യയും മുമ്പിലാണ്. ഈ അക്രമവുമായി ബന്ധപ്പെട്ട് ഞങ്ങൾ യൂറോപ്യൻ പാർലമെന്റംഗങ്ങളെന്താണ് ചെയ്യേണ്ടത്?*

**ഹദൂർ അൻവർ:** ഇക്കാലഘട്ടത്തിൽ എല്ലാ സ്ഥലത്തും ജനാധിപത്യമുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ, അങ്ങനെ അല്ല. പരിമിതമായ ജനാധിപത്യമോ അല്ലെങ്കിൽ മാറ്റത്തിനു വിധേയമായ തരത്തിലോ ആണതുള്ളത്. ഈ രാജ്യങ്ങൾ പാശ്ചാത്യ രാഷ്ട്രങ്ങളിൽ നിന്ന് സഹായം സ്വീകരിക്കുന്നു. എവിടെയെല്ലാം നിങ്ങൾ അതിക്രമം അവസാനിപ്പിക്കാനാഗ്രഹിക്കുന്നുണ്ടോ അവിടുത്തെ ഭരണകൂടങ്ങളുമായി ബന്ധപ്പെടുക. കേവലം അഹ്മദികളുടെമേൽ മാത്രമല്ല അതിക്രമങ്ങൾ നടക്കുന്നത്. ചിലയിടങ്ങളിൽ ക്രൈസ്തവർക്കെതിരിലും മറ്റു മതങ്ങളുമായി ബന്ധമുള്ളവരുടെമേലും അതിക്രമങ്ങൾ നടക്കുന്നു. ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക എന്ന വഴി മാത്രമേയുള്ളൂ. സ്വന്തം നിയമങ്ങൾ ഈ ഉദ്ദേശ്യത്തിലുണ്ടാക്കാൻ അവരോട പറയുക. മതവുമായി ബന്ധപ്പെട്ട ഓരോ വ്യക്തിക്കും അഭിപ്രായ സ്വാതന്ത്ര്യവും മതം സ്വീകരിക്കാനുമുള്ള അവകാശമുണ്ടാകണം. ചില രാജ്യങ്ങൾ വിശുദ്ധ ഖുർആൻ വായിക്കുന്നവരായുണ്ട്. എന്നാൽ, വിശുദ്ധ ഖുർആൻ പറയുന്നത് മതത്തിൽ ഒരുവിധ നിർബന്ധവുമില്ലെന്നാണ്. മതത്തിൽ നിർബന്ധമില്ലെങ്കിൽപ്പിന്നെ അതിക്രമം നടത്തുന്നതെന്തിനാണ്. അവരുടെമേൽ നിങ്ങൾ സമ്മർദം നടത്തിയാൽ പരിഹാരമാകുകയില്ല. ഇതു കേവലം അഹ്മദികളുടെ മാത്രം പ്രശ്നമല്ല, അവകാശങ്ങൾ കവർന്നെടുക്കപ്പെട്ട മറ്റു വളരെയധികം വ്യക്തികളുടേയും പ്രശ്നമാണ്. അത്തരത്തിലുള്ള എല്ലാ വ്യക്തികളേയും സഹായിക്കേണ്ടതുണ്ട്.താങ്കൾക്ക് വളരെയധികം നന്ദി. വിദേശകാര്യ വകുപ്പിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്ന് ഞങ്ങളെ അഭിമുഖീകരിച്ചു സംസാരിച്ചതിനു താങ്കൾക്ക് നന്ദി രേഖപ്പെടുത്തുന്നു. (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin